# ബാലസാഹിത്യ

## ഗ്രന്ഥാവലി

## സുന്ദരിക്കുട്ടി

MUNAVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.



സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ,
തിരുവനന്തപുരം.
1971-'72

ബാലസാഹിത്യഗ്രന്ഥാവലി

# സുന്ദരിക്കുട്ടി

(കഥകൾ)

MUNAVVIRUL ISLAM HIGH SCHOOL
Date.....................
ERNAKULAM.

1971-1972

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ
തിരുവനന്തപുരം

# ഉള്ളടക്കം


1. സുന്ദരിക്കുട്ടി 1

2. ഉണ്ണിമൂസ്സിന്റെ മന്ത്രവാദി 20

# ആമുഖം

1971 ജൂൺ–ജൂലായ് മാസങ്ങളിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽവച്ച് ഒരു ബാലസാഹിത്യരചനാലയം സംഘടിപ്പിച്ചു. സാഹിത്യകാരന്മാരായ പതിനേഴ് അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപംകൊണ്ട ഗ്രന്ഥങ്ങളാണ് ഇവിടെ അവതരിപ്പിക്കുന്നത്.

പ്രൈമറി വിദ്യാർത്ഥികൾക്കുവേണ്ടി രചിച്ചതാണ് ഈ ഗ്രന്ഥങ്ങൾ. വിദ്യാർത്ഥികൾക്ക് വായനയിലുള്ള ശീലവും താത്പര്യവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ഡയറക്റ്റർ

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

## 1971—1972 ലെ

## പുസ്തകരചനാലയത്തിൽ പങ്കുകൊണ്ടവർ

1 ശ്രീ. വി. കെ. ബാലചന്ദ്രൻ
2 ,, മണിയൂർ ഈ. ബാലൻ
3 ,, എൻ. ഭാസ്കരപിള്ള
4 ,, സി. എൻ. ഗംഗാധരൻ നായർ
5 ,, പി. ഗോപാലകൃഷ്ണൻ നായർ
6 ,, ജെയിംസ് മണിമല
7 ,, ജോസഫ് കറവിലങ്ങാട്
8 ,, എൻ. കൃഷ്ണൻകുട്ടി
9 ,, കെ. കൃഷ്ണൻ നായർ
10 ,, വി. പി. കുഞ്ഞിരാമപ്പൊതുവാൾ
11 ,, കുര്യൻ വെമ്പേനി
12 ,, എം. നാരായണൻ എമ്പ്രാന്തിരി
13 ,, കെ. വി. രാമനാഥൻ
14 ,, സി. കെ. ശ്രീവത്സൻ
15 ,, കെ. സുകുമാരൻ നായർ
16 ,, എൻ. വാസുദേവൻ നമ്പ്യാതിരി
17 ,, കെ. വേലായുധൻ

# സുന്ദരിക്കുട്ടി

## ഒന്നു്

കണ്ണുതുറന്നു പുറത്തു നോക്കിയപ്പോൾ സുന്ദരിക്കുട്ടിയ്ക്കു പേടി തോന്നി. ഇരുട്ടു്, കൂരിരുട്ടു്.

കുറച്ചുനേരം കണ്ണുമിഴിച്ചു് വെറുതെ കിടന്നു. കൈ കുടഞ്ഞെഴുന്നേൽക്കാൻ ശ്രമിച്ചപ്പോൾ സംശയം. എവിടെയാണു് കിടക്കുന്നതു്?

ചീവീടുകളുടെ ശബ്ദം കാതിൽ തുളച്ചു കയറുന്നു. അകലെ നിന്നു് ഒരു മൂങ്ങയുടെ ആഴമുള്ള മൂളൽ. ഇടവിട്ടിടവിട്ടു് കുറുക്കന്മാരുടെ ഓരിയിടൽ. അലറുന്ന ശബ്ദങ്ങൾ!

ഉറക്കം തെളിയുന്നില്ല. ദേഹം മുഴുവൻ വേദനിക്കുന്നു. കാലുകളിൽ ഘനമുള്ളതെന്തോ കെട്ടിയിട്ടപോലെ.

എഴുന്നേൽക്കാൻ സമയമായില്ലേ? മുററമടിച്ചു വൃത്തിയാക്കേണ്ടേ? അടുക്കളയിൽനിന്നു് പാത്രങ്ങളെടുത്തു കൊണ്ടുവരേണ്ടേ? കുന്നിറങ്ങി കുണ്ടു കിണററിൽ നിന്നു് വെള്ളം എത്തിയ്ക്കേണ്ടേ? പാത്രങ്ങൾ കഴുകി വെയ്ക്കേണ്ടേ?

ഇളയമ്മ വിളിച്ചുണർത്തുന്നതിനു മുമ്പുതന്നെ എഴുന്നേൽക്കണമെന്നു് സുന്ദരിക്കുട്ടി തീരുമാനിച്ചു. പതിവുള്ള ശകാരം ഇന്നെങ്കിലും കേൾക്കാതെ കഴിക്കണം.

"എടി പെണ്ണേ, എഴുന്നേൽക്കെടി. മുററമടിയ്ക്കു്. നേരം പുലർന്നിട്ടും പെണ്ണിൻെറ ഒരുറക്കം!"

അച്ഛൻ കൂർക്കം വലിക്കുന്നതു കേൾക്കുന്നുണ്ടോ? ഇല്ലല്ലോ. ഇളയമ്മയുടെ ശകാരത്തിനു് അച്ഛൻെറ കൂർക്കംവലി ശ്രുതി

മിട്ടുന്നു എന്നു തോന്നാറുണ്ടു്. നാഗസ്വരക്കച്ചേരി നടക്കുമ്പോൾ വലിയ കുഴൽക്കാരന്റെ വായനയ്ക്കു് ചെറിയ കുഴൽക്കാരൻ ശ്രുതി ചേർക്കുന്ന പോലെ.

"നിങ്ങടെ നശിച്ചൊരു ക്രുക്കംവലി. ഉറങ്ങാനൊന്നു സമ്മതിയ്ക്കില്ല."

ഇന്നു് അച്ഛന്റെ ക്രുക്കംവലിയുമില്ല, ഇളയമ്മയുടെ ശകാരവുമില്ല!

അതിനു പകരമായി ചീവീടുകളും, കുറുക്കന്മാരും, മൂങ്ങയും ശബ്ദിക്കുന്നു.

സുന്ദരിക്കുട്ടിയ്ക്കു പേടിയാവുന്നു. ഇതിലും ഭേദം ഇളയമ്മയുടെ ശകാരം തന്നെയാണു്.

"കൊന്നുകളയും ഞാൻ! അരിഞ്ഞിടും ഞാൻ. പെണ്ണേ, എടിപെണ്ണേ!"

ആ വിളിയാണു് സഹിക്കാൻ കഴിയാത്തതു്. "എടീ പെണ്ണേ!" സുന്ദരിക്കുട്ടിയ്ക്കു് നല്ലൊരു പേരുണ്ടല്ലോ. "സുന്ദരിക്കുട്ടീ" എന്നൊന്നു വിളിച്ചാൽ ഇളയമ്മയുടെ നാവിനു് വല്ല പരുക്കും പററുമോ?

ഇളയമ്മയുടെ ശകാരം കേട്ടു കേട്ടു തഴമ്പിച്ചിരിക്കുന്നു. പണിയെടുത്താലും ഇല്ലെങ്കിലും, അനുസരിച്ചാലും അനുസരിക്കുന്നതിൽ ചെറിയൊരു പിഴവു് പററിയാലും, തിന്നാലും തിന്നില്ലെങ്കിലും കരഞ്ഞാലും ചിരിച്ചാലും, ഉറങ്ങിയാലും ഉറങ്ങിയില്ലെങ്കിലും ശകാരം കേൾക്കണം.

ശകാരം കേൾക്കാൻ വേണ്ടി ജനിച്ചതാണു് സുന്ദരിക്കുട്ടി, അങ്ങിനെയാകട്ടെ അച്ഛനെ ശകാരിക്കുന്നതു് കേൾക്കണമല്ലോ. അതാണു് സങ്കടം!

"ഏ് മനുഷ്യാ! നിങ്ങളിങ്ങനെ ക്രുക്കം വലിച്ചാൽ കൊന്നുകളയും. അരിഞ്ഞുകളയും" എന്നു് ഇളയമ്മ അച്ഛനെ ശകാരി

ക്കമോ? അതുകൊണ്ടു് ക്രൂരകർമ്മം ഫലിക്കാൻ പോലും അച്ഛനു ഭയം തോന്നിയിരിക്കമോ?

പാവം അച്ഛൻ ! സുഖമായുറങ്ങട്ടെ! സമാധാനമായി ഉറങ്ങട്ടെ !

സുന്ദരിക്കുട്ടി മെല്ലെ എഴുന്നേൽക്കാൻ ശ്രമിച്ചു. പതിവുപോലെ മടിയിൽ തപ്പിനോക്കി. ലച്ചു മടിയിൽതന്നെയുണ്ടു് സർവ്വസ്വമായ ലച്ചു. കളിത്തോഴി, വഴികാട്ടി. എല്ലാം എല്ലാം ലച്ചുവാണു്. ലച്ചുവില്ലെങ്കിൽ സുന്ദരിക്കുട്ടിയുമില്ല.

ലച്ചുവെ കാണുമ്പോഴും ലച്ചുവെ തൊടുമ്പോഴും അമ്മയെ ഓർമ്മവരുന്നു. തങ്കക്കുടംപോലെയുള്ള അമ്മ എവിടെ? പുത്തനയെപ്പോലെയുള്ള ഇളയമ്മ എവിടെ? അതുപോലെ തന്നെ കണ്ടാലും കണ്ടാലും കൊതിതീരാത്ത ലച്ചു എവിടെ? ഇളയമ്മയുടെ തള്ളപ്പോക്കാച്ചികൾപോലുള്ള മക്കളെവിടെ?

കണങ്കാൽവരെ അഴിച്ചിട്ട തലമുടി. ചുവന്ന ചുണ്ടുകൾ. വെണ്ണയുടെ നിറം. മുല്ലപ്പൂക്കളെ വിതറുന്നപോലെ പുഞ്ചിരി—അമ്മ!

സുന്ദരിക്കുട്ടിയുടെ കണ്ണുകൾ നിറഞ്ഞു. പൊട്ടിക്കരയാൻ തോന്നി.

"അമ്മേ, അമ്മേ. എൻറമ്മേ! എന്നെ ഉപേക്ഷിച്ചുപോയ അമ്മേ!"

കരയുന്നില്ല. കരയുമ്പോൾ ശബ്ദമുണ്ടാകും. തേങ്ങൽവരും. ഇളയമ്മ കേൾക്കും. ശകാരം തുടങ്ങും.

"പെണ്ണിൻറൊരു കള്ളക്കരച്ചിൽ ! അറിയും ഞാൻ! കൊന്നുകളയും!"

അമ്മപോയി. എന്നെന്നേയ്ക്കുമായി പോയി. സുന്ദരിക്കുട്ടിയെ തനിച്ചാക്കി പോയി.

സുന്ദരിക്കുട്ടി ഒററയ്ക്കാകുമെന്നു് അമ്മ കരുതിയിരിക്കയില്ല. അച്ഛനുണ്ടല്ലോ !

അന്നോ സുന്ദരിക്കുട്ടിയെ അമ്മ ലച്ചുവെ ഏല്പിച്ചാണോ പോയതു് മനോഹരയായ ലച്ചുവെ?

ആയിരിക്കും. പിന്നെ ഈശ്വരനേയും ഏല്പിച്ചിട്ടുണ്ടാകും.

അമ്മ മരിക്കുമ്പോൾ സുന്ദരിക്കുട്ടിക്കു് വയസ്സു് അഞ്ചു്. അഞ്ചോ, ആറോ? ആറിലധികമായിരുന്നില്ല. തീർച്ച. എങ്കിലും ഓർക്കുന്നു. കല്ലിൽ കൊത്തിവെച്ചപോലെ ഓർക്കുന്നു· എപ്പോഴും ഓർക്കുന്നു

മറക്കാൻ കഴിയില്ല.

വാടിയമാലപോലെ അമ്മ കിടക്കുന്നു

“മോളേ, സുന്ദരിക്കുട്ടീ, അമ്മ പോകുന്നു.”

അവൾ ചോദിച്ചു, ‘‘എങ്ങോട്ടാ അമ്മേ അമ്മ പോകുന്നേ? ഞാനും വരാം‘‘

അമ്മയുടെ കൈകളിലമർന്ന്· അമ്മ നെററിയിലുമ്മവെച്ചു· ഉമ്മയ്ക്കു് തണുപ്പുണ്ടായിരുന്നു.

‘‘അമ്മേടെ പൊന്നുമോളും വരും. ഇപ്പോഴല്ല, സമയമാകുമ്പോൾ”

“അല്ല, ഞാനിപ്പത്തന്നെ വരും.”

വാശിപിടിച്ചുനോക്കി.

‘‘അമ്മയും മോളും പോയാൽ പിന്നെ അച്ഛനാരാ തുണ, മോളേ? മോളു് അച്ഛനെ നോക്കണം.”

അമ്മ പിന്നെ കുറച്ചുനേരത്തേയ്ക്കു് ഒന്നും പറഞ്ഞില്ല കണ്ണിമവെട്ടാതെ സുന്ദരിക്കുട്ടിയെ നോക്കി. അമ്മയുടെ കണ്ണു നിറഞ്ഞു.

“മോളേ, മോളു് അച്ഛനെ വെറുക്കരുതു്.”

അമ്മയുടെ നെററിയിൽ വിയർപ്പു പൊടിഞ്ഞു. മുഖം കുറച്ചുകൂടി വെളുത്തു.

അമ്മ തലയണയുടെ ചുവട്ടിൽനിന്ന് എന്തോ തപ്പിയെ ടുത്തു.

സുന്ദരിക്കുട്ടിയെ കണ്ണുകൊണ്ടു വിളിച്ചു. കൈകളിലുമ്മവെച്ചു തലയണയുടെ ചുവട്ടിൽ നിന്നെടുത്ത സാധനം കയ്യിൽ വെച്ചു കൊടുത്തു.

ഒരു പാവ! ലച്ചു!

"മോളേ!" അമ്മയുടെ ശബ്ദം നേർത്തു നേർത്തു വന്നു. "ഇതൊരു സാധാരണ പാവക്കുട്ടിയല്ല. മോൾക്കു കളിക്കാൻ അമ്മ പാവയെ തന്നില്ല. ഇന്നു് നിനക്കു സഹായിയായി ലച്ചുവെ തരുന്നു. ഒരു സന്യാസി അമ്മയെ അനുഗ്രഹിച്ചു തന്നതാണു് ഇവളെ എന്റെ മോൾ കൈ വിടരുതു്. ആപത്തുകാലത്തു് ഇവൾ നിനക്കു തുണയായിരിക്കും."

സുന്ദരിക്കുട്ടി കയ്യിലിരുന്ന പാവയെ നോക്കി. പാവ ചിരിക്കുന്നപോലെ തോന്നി.

അമ്മ സുന്ദരിക്കുട്ടിയെ കണ്ണുരുട്ടി മിഴിച്ചു് തുറിച്ചുനോക്കി. സുന്ദരിക്കുട്ടിയ്ക്കു പേടിയായി. അമ്മയുടെ കവിളുകളിൽ കണ്ണീർച്ചാലുകൾ !

അമ്മ വെളുത്തു, വെളുത്തു, വെളുത്തു് ... ... ...

ഓർക്കുമ്പോൾ സുന്ദരിക്കുട്ടിയ്ക്കു് മേലാകെ കോരിത്തരിക്കുന്നു.

അപ്പോൾ സുന്ദരിക്കുട്ടി ലച്ചുവെ നോക്കി. അവൾ കരയുന്നപോലെ.

അങ്ങനെ അമ്മയാത്രയായി. അച്ഛൻ തിരിച്ചുവന്നപ്പോൾ അമ്മ വിറങ്ങലിച്ചു കിടക്കുന്നു

ഓർക്കാൻ വയ്യ.

മൂന്നുകൊല്ലം അച്ഛനും സുന്ദരിക്കുട്ടിയും വീട്ടിൽ കഴിച്ചുകൂട്ടി. അടുത്തു വീടുകളില്ല. പാടങ്ങൾക്കക്കരെ പുഴ. പുഴ

യുടെ മറുകരയിൽ കാട്ട്. വീട്ടുജോലിയും കൃഷിപ്പണിയും ഒന്നിച്ചെടുത്ത് അച്ഛൻ ക്ഷീണിച്ചുപോയതു കണ്ട് സങ്കടംതോന്നി.

ഒരു ദിവസം രാത്രി. സുന്ദരിക്കുട്ടി വ്യക്തമായോർക്കുന്നു. കറുത്തവാവു ദിവസം. മഴക്കാലം. ഇടിവെട്ടുന്നു. ഇടി മിന്നുമ്പോൾ സുന്ദരിക്കുട്ടിയുടെ ചെറിയ കുടിൽ കുലുങ്ങുന്നു. ഉറക്കം വരുന്നില്ല.

കട്ടിലിൽ അച്ഛൻ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. എന്തോ അസുഖം പോലെ-

"എന്താ അച്ഛാ, സുഖമില്ലേ"

"ഒന്നുമില്ല മോളേ ! മോളുറങ്ങിക്കോ"

അച്ഛൻ കരിമ്പടംകൊണ്ട് തലമൂടിക്കിടക്കുന്നത് ഇടിമിന്നലിൽ കണ്ടു.

വീണ്ടും മിന്നുന്നു, ഇടി വെട്ടുന്നു.

"മോളുറങ്ങിയോ? "

അച്ഛൻ ഉറങ്ങിയിട്ടില്ല. ഈ മിന്നലും, ഇടിയും ആരേയും ഉറങ്ങാൻ സമ്മതിക്കയില്ല.

മഴ പെയ്തു.

ഉറക്കം പിടിക്കാൻ തുടങ്ങിയപ്പോൾ ഒരു തണുത്ത കൈ നെററിയിൽ തടവുന്നതായി തോന്നി. ഒന്നു ഞെട്ടി.

"അമ്മ, എൻെറമ്മേ ! "

"മോളേ, ഇതു ഞാനല്ലേ?" അച്ഛനാണ് പായിലിരിക്കുന്നതു്.

"മോളേ, മോളുടെ അമ്മ പോയി ... ... പോയിട്ട് കൊല്ലം മൂന്നായി"

അച്ഛൻെറ ശബ്ദം ഇടറിയിരുന്നു.

"മോൾക്ക് അമ്മയെ കാണണ്ടെ? മോൾക്ക് അമ്മവേണ്ടേ?"

"വേണം. എനിക്ക് അമ്മയെ കാണണം. എനിയ്ക്ക് അമ്മ വേണം"

"ശരി. അച്ഛൻ നാളെ അമ്മയെ കൊണ്ടുവരാം. മോളുറ ങ്ങിക്കോ"

അച്ഛൻ സമാധാനിപ്പിച്ചു.

അച്ഛൻ സുന്ദരിക്കുട്ടിയെ തട്ടിയുറക്കാൻ ശ്രമിക്കുന്നു. പാതി യുറക്കത്തിൽ നനവുതോന്നിയപ്പോൾ സുന്ദരിക്കുട്ടി തപ്പിനോക്കി. അച്ഛൻ കരയുകയാണോ?

ഓർക്കുന്നു.

പിറേറന്ന് അച്ഛൻ തിരിച്ചു വന്നു. അതിനു മുമ്പ് സുന്ദരിക്കുട്ടി മുററമടിച്ചു മെഴുകി. പാത്രങ്ങൾ കഴുകിവച്ചു കുളിച്ചു. ലച്ചുവെ കുളിപ്പിച്ചു.

അമ്മ വന്നാൽ, അമ്മതിരിച്ചുവന്നാൽ പറയും. "എന്റെ സുന്ദരിക്കുട്ടി! മിടുക്കി മിടു മിടുക്കി!"

പക്ഷേ അമ്മ തിരിച്ചു വരുമോ? മരിച്ചവർ തിരിച്ചുവരു മോ? അമ്മ മരിച്ചില്ലേ? മരിച്ചില്ലെന്നുണ്ടോ?

അമ്മ മരിച്ചു. മരിക്കുന്നതു് സുന്ദരിക്കുട്ടി കണ്ടതാണ്. അച്ഛൻ പുറത്തുപോയി. ആൾക്കാരെ വിളിച്ചുകൊണ്ടുവന്നു. അവർ കുഴിവെട്ടി. അച്ഛൻ മററുള്ളവരും അമ്മയുടെ ശരീരം കുഴി യിലിറക്കി വെച്ചു. സുന്ദരിക്കുട്ടിയും അച്ഛനും മണ്ണു നുള്ളിയിട്ടു പ്രാർത്ഥിച്ചു. ആൾക്കാർ കുഴിമൂടി.

കുഴിമാടത്തിൽ വിളക്കുവെച്ചു. സന്ധ്യയ്ക്ക് എല്ലാദിവസ വും വിളക്കിൽ എണ്ണയും തിരിയുമിട്ടു് തെളിയിക്കുന്നു.

അമ്മ തിരിച്ചു വരുമോ?

അച്ഛൻ തിരിച്ചു വന്നതു് വൈകുന്നേരമാണു്: സുന്ദരിക്കുട്ടി ചോറും കറികളും തയ്യാറാക്കിയിരുന്നു. പപ്പടം കാച്ചിയിരുന്നു. ഒരു പായസവുമുണ്ടാക്കിയിരുന്നു. അമ്മ പറയണം, എന്റെ മോൾക്കു് ഒമ്പതു വയസ്സു തികഞ്ഞില്ലല്ലോ. ഇതിനിടെ വെയ്ക്കാനും വിളമ്പാനും നിന്നെ പഠിപ്പിച്ചതാരാ"

—സുന്ദരിക്കുട്ടി ലച്ചുവെ തഴുകി. ആനന്ദബാഷ്പം നിറഞ്ഞ കണ്ണുകളോടെ പറഞ്ഞു "ലച്ചു, അമ്മവരും. എന്റെ അമ്മ വരും."

ലച്ചു തലയാട്ടി. ഇടത്തോട്ടും വലത്തോട്ടും. തലയാട്ടി.

"ഇല്ല, ഇല്ല" എന്നാണോ ലച്ചു പറയുന്നതു്?

ലച്ചു മുമ്പോട്ടു തലയാട്ടി.

"അതെ" എന്ന അർത്ഥത്തിൽ.

അച്ഛൻ ആദ്യം കയറിവന്നു. പിന്നാലെ കറുത്തു തടിച്ചൊരു സ്ത്രീ. അവരുടെ പിന്നാലെ രണ്ടു പോക്കാച്ചികൾ.

അച്ഛൻ പറഞ്ഞു, "ഇതാ നമ്മുടെ മോൾ സുന്ദരിക്കുട്ടി!"

"മോളേ, അടുത്തുവാ"

ആ സ്ത്രീ ചിരിച്ചു. ചിരിച്ചപ്പോൾ ഒരു തലയോടു് പല്ലിളിച്ചപോലെ തോന്നി.

അച്ഛൻ സുന്ദരിക്കുട്ടിയെ അടുപ്പിച്ചു നിർത്തിക്കൊണ്ടു പറഞ്ഞു. "മോളേ, ഇതാ നിന്റെ അമ്മ!"

സുന്ദരിക്കുട്ടിയ്ക്കു് കണ്ണിൽ ഇരുട്ടുകയറിയപോലെതോന്നി. "അല്ല; ഇതെന്റെ അമ്മയല്ല! ഇതെന്റെ അമ്മയല്ല!" അവൾ പറഞ്ഞു.

ആ സ്ത്രീയുടെ കണ്ണുകളിൽ തീപ്പൊരി. അച്ഛന്റെ മുഖത്തു് വാട്ടം!

"നോക്കു് മോളെ, ഇവർ നിന്റെ ചേച്ചിമാർ"

സുന്ദരിക്കുട്ടിക്കു് കരച്ചിലടക്കാൻ കഴിഞ്ഞില്ല; "ഇല്ല, എനിക്കു ചേച്ചിമാരില്ല. എനിക്കു ചേച്ചിമാരില്ല!"

പോക്കാച്ചികളുടെ മുഖം വീർക്കുന്നു. അച്ഛൻ തലതാഴ്ത്തി നിൽക്കുന്നു.

സുന്ദരിക്കുട്ടി ഓർത്തു. "മോളേ, മോളു് അച്ഛനെ വെറുക്കരുതെ!"

ഉറക്കെ കരയാൻ തോന്നി. ഉച്ചത്തിൽ വിളിച്ചുപറയാൻ തോന്നി, "അമ്മേ, എന്നെ രക്ഷിക്കൂ—എനിയ്ക്കച്ഛനെ വെറുക്കാൻ തോന്നുന്നു. എനിക്കു മാപ്പുതരൂ—അച്ഛനെ വെറുക്കാതിരിക്കാൻ എന്നെ സഹായിക്കൂ"

സുന്ദരിക്കുട്ടി അമ്മയുടെ കുഴിമാടത്തിലേയ്ക്കോടി. കുഴിമാടത്തിലെ കെടാവിളക്കു് അണഞ്ഞിരിക്കുന്നു.

## രണ്ടു്

സുന്ദരിക്കുട്ടി ചെരിഞ്ഞു കിടന്നു. തണുക്കുന്നു. പുതപ്പു തപ്പിനോക്കി. പുതപ്പില്ല. കെട്ടിപ്പിടിച്ചുകിടക്കാനുപയോഗിക്കാറുള്ള തലയണയെടുക്കാൻ ശ്രമിച്ചു. തലയണയില്ല.

അടുക്കളയ്ക്കടുത്തു് വിറകിടുന്ന മുറിയിലല്ലേ കിടക്കുന്നതു്? കീറപ്പായയിൽ കീറിയ വിരിയിൽ.

തൊടിയിലാണോ കിടക്കുന്നതു്? രാത്രി ഇളയമ്മയ്ക്കു കുളിക്കണം. വെള്ളം വേണം. വെള്ളം ചൂടാക്കണം. കരിമുരുക്കിന്റെ ഇലയിട്ടു തിളപ്പിക്കണം. രണ്ടു കുടംപച്ചവെള്ളവും വേണം.

കുണ്ടു കിണററിൽ നിന്നു് വെള്ളം കൊണ്ടുവരുമ്പോൾ തൊടിയിൽ വീണുപോയോ? ക്ഷീണംകൊണ്ടു തളർന്നുപോയോ? തളർച്ചയിൽ ഉറങ്ങിപ്പോയോ?

ഓർക്കാൻ ശ്രമിച്ചുനോക്കി. ഇളയമ്മ കുളിച്ചതും കുളിക്കുമ്പോൾ ഇളയമ്മയുടെ പുറത്തു് വാക തേച്ചു തടവിയതും ഓർമ്മയുണ്ടു്.

വിറകുപുരയിൽ പായ വിരിച്ചതും, കിടന്നതും, കുത്തുവിളക്കു് ഊതി കിടത്തിയതും ഓർമ്മയുണ്ടു്.

പിന്നെ എങ്ങിനെ തൊടിയിൽവന്നു പെട്ടു? ഉറക്കത്തിൽ സ്വപ്നത്തിൽ, നടന്നുവന്നതാണോ?

പുറം കരിയിലകൾ കാററടിച്ചപ്പോൾ കരിയിലകൾ വിറകുപുരയിൽ അടിച്ചു കയറിയതാണോ? പായും, തലയണയും കീറവിരിയും, കീറപ്പുതപ്പും കാററിൽ പറന്നുപോയതാണോ? ചുഴലിക്കാററ് സുന്ദരിക്കുട്ടിയെ പൊക്കിയെടുത്തു് തൊടിയിലിട്ടതാണോ?

തൊടിയിലെങ്കിൽ തൊടിയിൽ. സുന്ദരിക്കുട്ടി എവിടെ കിടന്നാൽ ആർക്കെന്തുനഷ്ടം? ആരുണ്ടു് നോക്കാൻ?

നേരം പുലർന്നാൽ എല്ലാവർക്കും സുന്ദരിക്കുട്ടിയെ ആവശ്യമാണ്.

“എടി പെണ്ണേ! വെള്ളം കൊണ്ടുവാ. മുററമടിയ്ക്കു്. പാത്രംകഴുക്. വിറകുവെട്ട്”—ഇളയമ്മ

“എടി പെണ്ണേ! എന്റെ ഈ വിരിപ്പൊന്നു തിരുമ്പിത്താടി”— മൂത്തേച്ചി.

“എടി പെണ്ണേ! പല്ലുതേയ്ക്കാൻ ഉമിക്കരിയും, ഈർക്കിലും വെള്ളവും കൊണ്ടുവാ”—ഇളയ ചേച്ചി.

ആദ്യമൊക്കെ എന്തു പഞ്ചാരവിളിയായിരുന്നു. ഇളയമ്മ സുന്ദരിക്കുട്ടിയുടെ വകതിരിവിനെ, അടുക്കളജോലിയിലുള്ള സാമർത്ഥ്യത്തെ, വീടു സൂക്ഷിക്കാനുള്ള കഴിവിനെ, പുകഴ്ത്തും. എന്തിനും സുന്ദരിക്കുട്ടി വേണം.

ദിവസങ്ങൾക്കുള്ളിൽ സമ്പ്രദായമൊക്കെ മാറി.

അച്ഛൻ ഇതൊക്കെ കാണുന്നില്ലേ?

ഉവ്വ്. അച്ഛൻ ഇതൊക്കെ കാണുന്നുണ്ടായിരുന്നു. എല്ലാം കാണുന്നുണ്ടായിരുന്നു.

അച്ഛനെന്തുപററി? എന്തു പററി എന്നു സുന്ദരിക്കുട്ടി മനസ്സിലാക്കി. അതുകൊണ്ട് അച്ഛനോടൊരു പരിഭവവും തോന്നിയില്ല.

പാൽക്കാരി കാളിത്തള്ള ഒരു ദിവസം പറഞ്ഞു. “എന്റെ പൊന്നാരമോൾടെ ഒരു യോഗം! ആ ഭയങ്കരി നിൻറച്ഛനെ വിലയ്ക്കു വാങ്ങിയിരിക്കയാണ്. മോളേ പാവം!”

ഇളയമ്മ വീട്ടുകാരിയായി വന്നപ്പോൾ ഉണ്ടായിരുന്നതു് ചെറിയൊരു കുടിൽ. ഇന്നു് അതു് ചെറിയ കൊട്ടാരം. ഒരു സാധുകൃഷിക്കാരനായ അച്ഛനു് ഇതുപോലൊരു കൊട്ടാരം പണിയാൻ പററുമോ?

പൊന്നുകൊണ്ടു ദേഹം മൂടി നടക്കുന്ന ഇളയമ്മവന്നു് മൂന്നു മാസം കഴിഞ്ഞില്ല, കുടിൽ കൊട്ടാരമായി മാറി.

ഇളയമ്മ അച്ഛനെ വിലയ്ക്കു വാങ്ങിയിരിക്കുന്നു. അതുകൊണ്ടു് അച്ഛൻ ഇളയമ്മയെ അനുസരിക്കുന്നു. ഇളയമ്മയെ പേടിക്കുന്നു. ചിലപ്പോൾ കരയുന്നു. കണ്ണു തുടയ്ക്കുന്നു. അമ്മയുടെ കുഴിമാടത്തിൽ നമസ്കരിച്ചു കരയുന്നു. സുന്ദരിക്കുട്ടിയെ നോക്കുമ്പോൾ വെണ്ണപോലെ ഉരുകുന്നു. ബോധം തെളിയാത്തതുപോലെ അച്ഛൻ നടക്കുന്നു. ഭ്രാന്തനെപ്പോലെ സംസാരിക്കുന്നു.

അച്ഛനെ കാണുമ്പോൾ സുന്ദരിക്കുട്ടിയ്ക്കു വേദന! സുന്ദരിക്കുട്ടിയെ കാണുമ്പോൾ അച്ഛനു വേദന!

## മൂന്നു്

ഉറങ്ങിയിട്ടും ഉറങ്ങിയിട്ടും നേരം പുലരാത്തപോലെ. നേരം പുലന്നിട്ടും വെളിച്ചം പരക്കാത്തപോലെ.

തിളങ്ങുന്ന വെള്ളക്കുതിരയുടെ പുറത്തുകയറ, സൂര്യദേവൻ മെല്ലെ മെല്ലെ വരുന്നതു് സുന്ദരിക്കുട്ടി കാണാറുണ്ടു്. ഇന്നു് കറുത്ത കുതിരപ്പുറത്താണോ വരുന്നതു്?

എഴുന്നേററിരുന്നു് ചുററും നോക്കിയപ്പോൾ സുന്ദരിക്കുട്ടി നിലവിളിച്ചുപോയി.

ചുററും വന്മരങ്ങൾ. പെരുമ്പാമ്പുകളെപ്പോലെ വേരുകൾ അഗാധമായ കുഴികൾ.

ഇതൊരു കാടല്ലേ? ഈ കാട്ടിലെങ്ങനെ വന്നുപെട്ടു? ചുഴലിക്കാററു് പൊക്കിയെടുത്തെറിഞ്ഞതാണോ?

സുന്ദരിക്കുട്ടി ലച്ചുവെ കയ്യിലെടുത്തു. ലച്ചു തലയാട്ടി. ഇടത്തോട്ടും വലത്തോട്ടും.

"അല്ല" എന്ന അത്ഥത്തിൽ.

പിന്നെ എങ്ങനെവന്നു?

സുന്ദരിക്കുട്ടി കിടന്നസ്ഥലത്തു് അച്ഛന്റെ രണ്ടാംമുണ്ടു കിടക്കുന്നു. ചെറിയൊരു പൊതിയും.

അച്ഛനാണോ സുന്ദരിക്കുട്ടിയെ ഇവിടെ കൊണ്ടുവന്നു കിടത്തിയതു്?

സുന്ദരിക്കുട്ടി ലച്ചുവെ നോക്കി. ലച്ചു തലയാട്ടി. മുമ്പോട്ടു്.

"അതെ"

സുന്ദരിക്കുട്ടി വിതുമ്മി വിതുമ്മിക്കരഞ്ഞു. കണ്ണീരു വററുവോളം കരയാം.

പൊതിയഴിച്ചുനോക്കി. പൊതിയിൽ ഉണ്ണിയപ്പമാണു്. ഈ കട്ടം കൈ ചെയ്ത അപ്പമെന്തിനു മധുരം തരുന്നു? മനസ്സിലാക്കാൻ കഴിഞ്ഞില്ല.

അപ്പം പൊട്ടിച്ചു് അല്പം ലച്ചുവിന്റെ വായിൽ വെച്ചുകൊടുത്തു.

വിശപ്പുണ്ടായിരുന്നു. ഒരുണ്ണിയപ്പമെങ്കിലും തിന്നാൻ കഴിഞ്ഞില്ല. ഉണ്ണിയപ്പം കണ്ണീരിൽ കുളിച്ചു. അപ്പത്തിനു മധുരമല്ല, ഉപ്പുരസം !

സുന്ദരിക്കുട്ടി ലച്ചുവെ തലോടി.

"എന്റെ ലച്ചു, എനിക്കിനി ആരുണ്ടു്? എല്ലാരും എന്നെ ഉപേക്ഷിച്ചു പോയില്ലേ?"

ലച്ചു തലയാട്ടി. മുമ്പോട്ടും പിമ്പോട്ടും. എന്നിട്ടു് സുന്ദരിക്കുട്ടിയുടെ മാറത്തേയ്ക്കു ചാഞ്ഞു.

"ഞാനുണ്ടു്, സുന്ദരിക്കുട്ടി പേടിയ്ക്കേണ്ട. എന്നും നിനക്കു തുണയായി ഞാനുണ്ടാകും" എന്നു് ലച്ചു പറയുന്നപോലെ തോന്നി സുന്ദരിക്കുട്ടിക്കു്.

മനസ്സിനു് ശക്തി തിരിച്ചു കിട്ടി; ലച്ചുവെ മാറോടു ചേർത്തു് തഴുകിക്കൊണ്ടു പറഞ്ഞു; 'ശരി, നമുക്കുപോകാം കാടെങ്കിൽ കാടു്'.

ലച്ചു തലയാട്ടി, മുമ്പോട്ടു്.

## നാലു്

സുന്ദരിക്കുട്ടി നടന്നു ഒരു കൊടുങ്കാട്ടിൽക്കൂടി വളരെ നടന്നു. കാലുകൾ തളരുന്നതുവരെ; ഇനിയൊരടി നടക്കാൻ വയ്യ എന്നു തോന്നിയതുവരെ നടന്നു.

അങ്ങു് അകലെ ഒരു മലയുടെ മുകളിൽ സൂര്യഭഗവാൻ ചുകന്ന കുതിരപ്പുറത്തിരുന്നുകൊണ്ടു് മറുഭാഗത്തേയ്ക്കിറങ്ങുന്നതു കണ്ടു.

കാരിക്കുറുക്കന്മാർ നിലവിളിക്കുന്നതുകേട്ടു. കിളികൾ സന്ധ്യാനാമം ചൊല്ലി പറക്കുന്നതു കണ്ടു. നക്ഷത്രങ്ങൾ ഉദിക്കുന്നതുകണ്ടു. ഇളങ്കാററു് മണമുള്ള പൂക്കൾ ഉതിർക്കുന്നതുകണ്ടു.

മരങ്ങളുടെ ഇടയിൽക്കൂടി ദൂരത്തായി വെളിച്ചംകണ്ടു. അമ്മയുടെ കുഴിമാടത്തിലെ കെടാവിളക്കിന്റെ പ്രകാശം പോലെ വേടന്മാരോ ആളന്മാരോ താമസിക്കുന്ന കുടിലായിരിക്കാം.

എന്തുമാകട്ടെ. താമസിക്കുന്നവർ ആരുമാകട്ടെ. അവരിൽ അമ്മമാരുണ്ടാകാം. ഇളയമ്മമാരുണ്ടാകാം. എന്നോർത്തപ്പോൾ സുന്ദരിക്കുട്ടിയ്ക്കു് വല്ലായ്മ തോന്നി.

എങ്കിലും വെളിച്ചം ലക്ഷ്യമാക്കി നടന്നു

കുടിലിനുള്ളിൽനിന്നു് അലറുന്ന ശബ്ദങ്ങൾ കേട്ടു് സുന്ദരിക്കുട്ടിനിന്നു വിറച്ചു. അടിമുടി വിറച്ചു.

"ഹായ്! ഹായ്! മനുഷ്യനാററം! ഹാരട്! ഹാരട്...!"

തിരിഞ്ഞോടാൻ ശ്രമിച്ചു. കാലുകൾ നീങ്ങുന്നില്ല.

'ഹാ! ഹാ! ഹ ഹാ!... ...ഓട്ടന്നോ? നിൽഖബിടെ!'

നിന്നു.

"ഇബിടെ ബാ"

പേടിച്ചു പേടിച്ചു് കുടിലിന്റെ വാതിൽക്കലെത്തി!

"നീയാരു്?"

വിറച്ചു വിറച്ചുകൊണ്ടു പറഞ്ഞു, 'ഞാൻ സു...ദ...രി...ക്കട്ടി'

'സുന്ധറിക്കഠി ! ഹാ ! സുന്ധറിക്കഠി ! ഹ ഹാ ! ഹഹാ !'

വാതിൽക്കൽ ചെമ്പു കിടാരം പോലെ രണ്ടു കണ്ണുകൾ എരിഞ്ഞു നിൽക്കുന്നതു് സുന്ദരിക്കട്ടി കണ്ടു.

എന്തുമാംകട്ടെ. സുന്ദരിക്കട്ടി മുമ്പോട്ടു നടന്നു. അരണ്ട വെളിച്ചത്തിൽ മലപോലെ ഒരു രൂപം നിൽക്കുന്നതു കണ്ടു.

ഇളയമ്മയുടെ പത്തിരട്ടി വലിപ്പം. വായിൽ ദംഷ്ട്രകൾ. ജടപിടിച്ചു ചെമ്പിച്ച മുടി ഉലക്കപോലുള്ള കൈകൾ. ചീഞ്ഞളിഞ്ഞ മണം.

ഭയം കൊണ്ടു് മുക്ക പൊത്തിയില്ല.

'അശ്ശു ! നീയെനിയ്ക്കൊരു ചമ്മന്തിക്കില്ല."

സുന്ദരിക്കട്ടിയ്ക്കു് തല ചുററുന്നപോലെ തോന്നി.

സുന്ദരിക്കട്ടിയുടെ കയ്യിൽ ലച്ച കിടക്കുന്നപോലെ ആ പർവ്വതത്തിന്റെ കൈകളിൽ സുന്ദരിക്കട്ടി കിടന്നു.

സുന്ദരിക്കട്ടിയെ കടിലിനകത്തു് പുലിത്തോലിൽ കിടത്തുന്നു.

"നിനക്കു് വിശക്കുന്നില്ലേ?"

ഒന്നും മറുപടി പറഞ്ഞില്ല. ഉണ്ണിയപ്പത്തിന്റെ പൊതി മടിയിലില്ല എന്നു തപ്പിനോക്കി. തരം കിട്ടിയാൽ തിന്നാം.

"എനിക്കു വിശക്കുന്നു"

പർവ്വതം അലറി.

സുന്ദരിക്കട്ടി പതുക്കെ കണ്ണുതുറന്നു നോക്കി:

ഒരു പുതിയ രൂപം വരുന്നു. കയ്യിൽ വലിയ പാത്രങ്ങൾ. ചുക്കിച്ചുളിഞ്ഞ മുഖം. നരച്ച മുടി. "ഇപ്പോൾക്കരയും" എന്ന ഭാവം. ഒരു മുത്തശ്ശി.

മുത്തശ്ശി പാത്രങ്ങൾ നിരത്തുന്നു. പർവ്വതത്തിന്റെ തീററയ്ക്കുള്ള വിഭവങ്ങൾ വിളമ്പുന്നു.

അഞ്ചെട്ടു കോഴികൾ, രണ്ടാടുകൾ, ഒരു കുടം ചോര, കാളയുടെ രണ്ടു തുടകൾ.

ചീഞ്ഞളിഞ്ഞ മണം. സുന്ദരിക്കുട്ടിയ്ക്കു് ഛർദ്ദിക്കാൻവന്നു.

കറുമുറാ കടിക്കുന്ന ശബ്ദം. പടക്കങ്ങൾ പൊട്ടിത്തെറിക്കുന്നപോലെ.

പർവ്വതം ആർത്തിയോടെ ചോരമോന്തിക്കുടിക്കുന്നതു കണ്ടു.

തലതിരിയുന്നു. മയക്കത്തിൽ പർവ്വതത്തിന്റെ ശബ്ദം കേട്ടു. "തള്ളേ, നാളെ പ്രാതലിനു് ആ മനുഷ്യക്കുട്ടിയെ പൊരിച്ചു തയ്യാറാക്കണം. ഇത്തിരിയേ ഉള്ളൂ. എന്നാലും മനുഷ്യമാംസമല്ലേ? എന്നും കിട്ടില്ല. ഇളം പ്രായം. ഹ! ഹ! ഹ! ഹ!'

സ്വകാര്യം പറയുന്നപോലെ അടക്കിപ്പിടിച്ചുകൊണ്ടായിരുന്നു സംസാരം. പക്ഷേ ആ ശബ്ദം കുടിലിൽ മുഴുവൻ മുഴങ്ങി.

## അഞ്ചു്

രാവിലെ സുന്ദരിക്കുട്ടി ഞെട്ടിയുണൎന്നു. പൎവ്വതത്തിന്റെ ഘോരമായ വലിയുടെ ശബ്ദം. കാട്ടുമുഴുവൻ കുലുങ്ങുന്നു.

സുന്ദരിക്കുട്ടി എഴുന്നേററിരുന്നു. ലച്ചുവെ കയ്യിലെടുത്തു അവളെ സ്നേഹപൂൎവ്വം തലോടി.

"ലച്ചു. ഞാൻ പോകട്ടെ. ഞാനെന്റെ അമ്മയുടെ അടുത്തേയ്ക്കു പോകട്ടെ. ഇപ്പോൾ എനിയ്ക്കു പോകാനുള്ള സമയമായി."

ലച്ചു തലയാട്ടി ഇടത്തോട്ടും വലത്തോട്ടും.

"ഇല്ല."

"ഇല്ലേ?" സുന്ദരിക്കുട്ടി ചോദിച്ചു. മുത്തശ്ശി എന്നെ കശാപ്പു ചെയ്യില്ലേ? എന്നെ എണ്ണയിലിട്ടു പൊരിയ്ക്കില്ലേ? ആ ഭയങ്കര രൂപം എന്നെ തിന്നില്ലേ?"

ലച്ചു വീണ്ടും തലയാട്ടി. ഇടത്തോട്ടും വലത്തോട്ടും.

"ഇല്ല, ഇല്ല"

ലച്ചു സങ്കടംകൊണ്ടു പറയുന്നതായിരിക്കും. അവളുടെ മോഹം! പാവം! ലച്ചുവിനെ ഇനി ആരുനോക്കും?

അമ്മ സുന്ദരിക്കുട്ടിയെ ഉപേക്ഷിച്ചുപോയപോലെ സുന്ദരിക്കുട്ടി ലച്ചുവെ ഉപേക്ഷിച്ചു പോകുന്നു!

സുന്ദരിക്കുട്ടി മെല്ലെ എഴുന്നേററു. പകൽ വെളിച്ചത്തിൽ ആ കുടിലൊന്നു നോക്കിക്കണ്ടു.

എല്ലിൻ കഷ്ണങ്ങൾ. മാംസക്കഷണങ്ങൾ. തലയോട്ടുകൾ മൃഗങ്ങളുടെ, മനുഷ്യരുടെ ചോര കട്ടപിടിച്ച പാടുകൾ.

മൂലയിലൊരു ചൂലിരിക്കുന്നു. സുന്ദരിക്കുട്ടി ചൂലെടുത്തു. ഒരു കുടം കണ്ടു. കുടമെടുത്തു. അല്പം ദൂരത്തു് ഒരു കുന്നുകുളം. കുളത്തിലിറങ്ങി വെള്ളം മുക്കി.

മുററമടിച്ചു വാരി. മുറിയടിച്ചു വാരി. അറപ്പുതോന്നിയെങ്കിലും എല്ലിൻ കഷണങ്ങൾ പെറുക്കിയെടുത്തു. തലയോടുകളെടുത്തു് കാട്ടിലേയ്ക്കെറിഞ്ഞു. അകം മുഴുവൻ വെള്ളം ഒഴിച്ചു് അടിച്ചുകഴുകി. കട്ടപിടിച്ച ചോരയുടെ പാടുകൾ ഉരച്ചുകളഞ്ഞു.

മുത്തശ്ശി വരുന്നതു കണ്ടു. സുന്ദരിക്കുട്ടിയെ പിടിച്ചുകൊണ്ടു പോകാനല്ലേ വരുന്നതു്. പക്ഷേ ആ മുഖം കണ്ടപ്പോൾ സുന്ദരിക്കുട്ടിയ്ക്കു് ഭയം തോന്നിയില്ല. "ഇപ്പോൾക്കരയും" എന്ന ഭാവം. സുന്ദരിക്കുട്ടിക്കു് മുത്തിശ്ശിയോടുതോന്നിയതു അനുകമ്പയാണു്.

ഈ മുത്തശ്ശിയ്ക്കു് സുന്ദരിക്കുട്ടിയെ കൊല്ലാൻ കഴിയുമോ? സുന്ദരിക്കുട്ടിയെ എണ്ണയിലിട്ടു വറുക്കാൻ കഴിയുമോ?

മുത്തശ്ശി സുന്ദരിക്കുട്ടിയെ കെട്ടിപ്പിടിച്ചു കരയുന്നു.

'എന്റെ പൊന്നുകൊടം ഓടിപ്പോ! അവളുണരുന്നതിനു മുമ്പു്. മോളേ, അവളാരാണെന്നറിയുമോ? ചിരട്ടം മലയിലെ രാക്ഷസിയാണു്. അവൾ. മോളു് വേഗം ഓടിപ്പോ.

നിന്നെ പൊരിച്ചുതിന്നാൻ കാത്തു കിടക്കയാണു് അവൾ. നിന്നെ രക്ഷപ്പെടുത്തിയാൽ അവളെന്നെ കൊല്ലും. എന്നാലും വേണ്ടില്ല. തള്ളയ്ക്കു വയസ്സായല്ലോ. അവളുണരുന്നതിനു മുമ്പു ഓടിപ്പോ'

'ഓടിപ്പോ' എന്നു പറയാൻ മുത്തശ്ശിയ്ക്കെളുപ്പമാണു്. എങ്ങോട്ടു പോകും? വീട്ടിലേയ്ക്കിനി തിരിച്ചു പോകാൻ പററുമോ? അതിലും ഭേദം......

സുന്ദരിക്കുട്ടിയ്ക്കു് മതിയായി, ഇനി അമ്മയുടെ അടുത്തേയ്ക്കുമാത്രമേ യാത്രയുള്ളു.

'മുത്തശ്ശി ഞാൻ എങ്ങും പോകുന്നില്ല. ചിരട്ടാ മലയിലെ രാക്ഷസി എന്നെ കൊന്നു തിന്നുന്നെങ്കിൽ തിന്നോട്ടെ.'

മുത്തശ്ശി സമാധാനിപ്പിച്ചു.

'ഇല്ല മോളേ, ഇല്ല. നിന്നെ കൊല്ലാൻ ഞാൻ സമ്മതിയ്ക്കില്ല'

പാവം ! മുത്തശ്ശി !

സൂര്യദേവൻ മിന്നിത്തിളങ്ങുന്ന കതിരപ്പുറത്തു കയറി തലയ്ക്കു മുകളിലെത്തിയപ്പോൾ ചിരട്ടാ മലയിലെ രാക്ഷസി അട്ടഹസിച്ചുകൊണ്ട് ഉണരുന്നശബ്ദം കേട്ടു.

'തള്ളേ, വാ ! കൊണ്ടുവാ ഭോജനക്കുടം.'

അലറുന്നു.

സുന്ദരിക്കുട്ടി ഉത്സാഹം കാത്തുനിന്നു.

ചിരട്ടാ മലയിലെ രാക്ഷസി വാതിൽ തള്ളിത്തുറന്ന് പുറത്തുവന്നു. ചുറവും കണ്ണോടിച്ചു. സുന്ദരിക്കുട്ടിയെ മാടിവിളിച്ചു.

സുന്ദരിക്കുട്ടിയ്ക്കു ഭയം തോന്നിയില്ല. അമ്മയെ കാണാൻ സമയമായി.

അവൾ രാക്ഷസിയുടെ അടുത്തേയ്ക്ക് ഉറച്ച കാലടികളോടെ നടന്നു ചെന്നു.

'കൊന്നോളൂ, എന്നെ തിന്നോളൂ. കൊന്നോളൂ, എന്നെ തിന്നോളൂ'.

ചിരട്ടാ മലയിലെ രാക്ഷസി സുന്ദരിക്കുട്ടിയെ പൊക്കിയെടുത്തു. സുന്ദരിക്കുട്ടിയെ മാറോടണച്ചു.

"നിന്നെ കൊല്ലാനോ? നിന്നെ തിന്നാനോ? നീ എന്റെ കുടിലിൽ ദീപം കൊളുത്തിയില്ലേ? എന്റെ കുടിൽ വീടാക്കി മാററിയില്ലേ? നീ എന്റെ മോളാണ്. എന്റെ സുന്ദരിക്കുട്ടിയാണ്."

ചീരട്ടാം മലയിലെ രാക്ഷസിയുടെ ചെമ്പുകിടാരം പോലെയുള്ള കണ്ണുകളിൽനിന്ന് രണ്ടു കൈത്തോടുകളിലൂടെ കണ്ണീർ പ്രവഹിച്ചു.

സുന്ദരിക്കുട്ടിയ്ക്കു് മേലാകെ പൊട്ടിത്തരിച്ചു. അറിയാതെ വിളിച്ചു പോയി. 'അമ്മേ, എന്റെ അമ്മേ !'

# ഉണ്ണിമൂസ്സിന്റെ മന്ത്രവടി

## ഒന്നു്

ഉണ്ണിമൂസ്സ് ഉണർന്നെണീററു. ശബ്ദമുണ്ടാക്കാതെ പുറത്തു കടന്നു. മൺകുടംകൊണ്ടു് കിണററിൽനിന്നു വെള്ളം കോരി. ഒരു കുടം നിറയെ വെള്ളം കുടിച്ചു് ഏമ്പക്കമിട്ടു. പല്ലുതേച്ചില്ല, നാവുവടിച്ചില്ല, കുളിയെപ്പററി ആലോചിച്ചതു പോലുമില്ല.

വിശപ്പുമാറാൻ ഉണ്ണിമൂസ്സ വെള്ളം കുടിക്കുന്നു. ഇല്ലത്തു് അടുപ്പിൽ തീ പിടിപ്പിച്ചിട്ടു് ദിവസം മൂന്നായി.

കുഞ്ഞുങ്ങൾ ഉണർന്നാൽ കരച്ചിൽ തുടങ്ങുകയായി. ഒന്നല്ല രണ്ടല്ല മൂന്നല്ല ഏഴെണ്ണം. അവർ ഉറങ്ങുന്നതു വരെ കരയുന്നു.

ആത്തേമാര് വിശപ്പു സഹിച്ചുകൊണ്ടു് ഉണ്ണിമൂസ്സിനെ ദയനീയമായി നോക്കുന്നു.

വിശക്കുന്ന കുട്ടികൾക്കു് പച്ചവെള്ളം കോരിക്കൊടുക്കുന്നു. പച്ചവെള്ളത്തിനും സ്വാദുണ്ടെന്നും, അതു് ഒരു ഭക്ഷണസാധനമാണെന്നും കുട്ടികൾ പഠിക്കുന്നു.

ഉണ്ണിമൂസ്സ് പത്തായപ്പുരയിലേയ്ക്കു കണ്ണോടിച്ചു. ഉയർന്നു നിൽക്കുന്ന പത്തായപ്പുരയുടെ കാൽക്കൽ ഉണ്ണിമൂസ്സിന്റെ ഇല്ലം നമസ്കരിച്ചു കിടക്കുന്നു.

പത്തായപ്പുരയിൽ ഏട്ടൻമൂസ്സും കുടുംബവും താമസിക്കുന്നു. അവിടെ ഏട്ടനും ആത്തേമ്മാരും ഉണ്ണികളും സദ്യയുണ്ണുന്നു. ഊണു കഴിഞ്ഞു് ബാക്കിവരുന്ന ഭക്ഷണം കഴിച്ചു് രണ്ടു ക്രൂററൻ നായ്ക്കൾ വളരുന്നു. അവ പത്തായപ്പുരയ്ക്കു കാവൽ നില്ക്കുന്നു.

ഏട്ടൻമൂസ്സ് തട്ടിപ്പറിച്ചുണ്ടാക്കിയ മുതലാണ്. ഉണ്ണിമൂസ്സിനെ ചതിച്ചുണ്ടാക്കിയ മുതലാണ്. ഉണ്ണിമൂസ്സിന്ന് അതു് അറിയാം. ഉണ്ണിമൂസ്സ് പാവമാണ്. ലഹളയ്ക്കൊന്നും വയ്യ. ആരും സഹായിക്കാനുമില്ല. അതിനാൽ ഈ അനീതി സഹിക്കുന്നു.

ദൈവം ഉന്നല്ലെങ്കിൽ നാളെ കണ്ണുതുറക്കും. ഏട്ടൻമൂസ്സ് ഉപ്പു തിന്നിട്ടുണ്ടെങ്കിൽ വെള്ളവും കുടിയ്ക്കും.

ഉണ്ണിമൂസ്സിന്ന് ഇരന്നു ശീലമില്ല. എന്തെങ്കിലുമൊരു ജോലി പരിചയിച്ചിട്ടുമില്ല. ഈശ്വരാ രക്ഷിയ്ക്കു!

ഇന്നേതായാലും ഏട്ടൻമൂസ്സിനെ ഒന്നുപോയി കാണണം—ഉണ്ണിമൂസ്സ് തീരുമാനിച്ചു. സങ്കടം പറഞ്ഞാൽ മനസ്സലിഞ്ഞു. എന്തെങ്കിലും തന്നുവെന്നു വരാം. തന്നെങ്കിൽ കുഞ്ഞുങ്ങൾക്കു് രണ്ടുനേരം വല്ലതും കൊടുക്കാം.

കുട്ടികൾ ഉണർന്നു കരയാൻ തുടങ്ങി. അന്തർജ്ജനം അവരെ സമാധാനിപ്പിക്കുന്നതു് കേട്ടു.

ഇന്നു് അവർക്കെന്തെങ്കിലും കൊടുക്കണം.

ഉണ്ണിമൂസ്സ് കുളിച്ചു. തേവാരം കഴിച്ചു. ഭസ്മക്കൊട്ടയിൽ നിന്നു് ഭസ്മമെടുത്തു് നനച്ചു് നെററിയിലും നെഞ്ചിലും കൈകളിലും കാലുകളിലും പൂശി. ഇഷ്ടദേവന്മാരെ ധ്യാനിച്ചു. പ്രാർത്ഥിച്ചു "ഏട്ടൻമൂസ്സിന്നു് നല്ല ബുദ്ധി തോന്നിയ്ക്കണേ!"

പത്തായപ്പുരയുടെ കരിങ്കൽ മതിലു് ചുററിവളഞ്ഞു് പടിപ്പുര കടന്നു കടന്നില്ല എന്നായപ്പോഴേയ്ക്കു് കുര കേട്ടു. നരികളെപ്പോലെ രണ്ടു നായ്ക്കൾ കടിച്ചു കീറാൻ ഓടിവരുന്നു. ഉണ്ണിമൂസ്സ് ഉറക്കെക്കരഞ്ഞു. "അയ്യോ! നായ! നായ കടിക്കാൻ വരുന്നേ! നായ കടിക്കാൻ വരുന്നേ!"

അകത്തുനിന്നു് ഏട്ടൻമൂസ്സിന്റെ ശബ്ദം കേട്ടു. "ആരാദ്? അറിഞ്ഞില്യ? തോന്ന്യാസം!"

കാര്യസ്ഥൻ ഗോപാലൻ നായ്ക്കളെ പിടിച്ചുകെട്ടി. ഉണ്ണിമൂസ്സിനെ കണ്ടപ്പോൾ ഓഛാനിച്ചു നിന്നു. അകത്തേയ്ക്കു വിളിച്ചു പറഞ്ഞു, "ഇത് ചെറിയ തിരുമേനിയാണേ."

ഏട്ടൻമൂസ്സ് പൂമുഖത്തുവന്നു. കുടവയർ തടവി. വലതു കയ്യിൽ രാമച്ചവിശറി. കഴുത്തിൽ സ്വർണ്ണംകെട്ടിയ രുദ്രാക്ഷമല.

"എന്തേ ഉണ്ണി പോന്നതു്?" ഗൌരവത്തോടെ ചോദിച്ചു.

"ഒന്നുണ്ടായിട്ടല്ല" വിനീതമായി മറുപടിപറഞ്ഞു.

"പിന്നെ,"

"ഇല്ലത്ത് വെച്ച്ട്ടില്ല. ഏട്ടൻ ഒന്നു സഹായിക്കണം. രണ്ടുമാസം കഴിഞ്ഞാൽ മടക്കിത്തന്നോളാം. ഒരു രണ്ടിടങ്ങഴി അരി ..." മുഴവൻ പറയാൻ ഏട്ടൻ മൂസ്സു സമ്മതിച്ചില്ല.

"എപ്പഴ്ന്നാ മടക്കിത്തരണതു്? ശുംഭൻ! മടക്കിത്തരുത്രേ! അധ്വാനിയ്ക്കാണ്ടെയ് എല്ലുമുറിയെ പണിയെടുത്താൻ പല്ലുമുറിയെ തിന്നാം നാം. അറിയ്യ്യോ?"

"ഏട്ടൻ അധ്വാനിച്ചിട്ടേ ണ്ടാക്കീത്ന്നെ പറഞ്ഞി ട്ടല്ലേ?' എന്നു ചോദിക്കാൻ തോന്നാഞ്ഞിട്ടല്ല.

മൌനം ഭൂഷണമെന്ന നിലയിൽ തല ചൊറിഞ്ഞുകൊണ്ടു നിന്നു. കാര്യത്തിനു് കഴുതക്കാലും പിടിക്കണം എന്ന പ്രമാണം ഓർത്തു.

'ശരി'' ഏട്ടൻ മൂസ്സിനു് ഇഷ്ടദേവന്മാർ സദ്ബുദ്ധി തോന്നിച്ചിരിക്കണം, "രണ്ടിടങ്ങഴി അരി തരാം. മടക്കിത്തരുമ്പോ രണ്ടു പറാം നാഴിടങ്ങഴീം അരി തരണം സമ്മതായ്യാ കൊണ്ടോയ്ക്കോളൂ!''

"രണ്ടു പറ!'' ഉണ്ണിമൂസ്സ് ഞെട്ടുകയും രണ്ടടി പിന്നോട്ടു മാറുകയും ചെയ്തു.

“ങ്ങ്"! എന്താ സംശയം! രണ്ടുപറേം രണ്ടിടങ്ങഴീം. രണ്ടു പറ പലിശ്യാണ്. ഒരിടങ്ങഴിക്ക് ഒരു പറ പലിശ. അങ്ങന്യാണ് മൊതല് ണ്ടാക്കണം. തന്നെപ്പോലെ മടിയനായിട്ടങ്ങനെ കൂടല്ല. അറിയ്യോ?”

“അറിഞ്ഞു” എന്ന ഭാവത്തിൽ ഉണ്ണിമൂസ്സ് തലയാട്ടി! ഇല്ലത്ത് കിണററിൻ കരയിൽ കുട്ടികൾ പച്ചവെള്ളത്തിന് കടിപിടി കൂട്ടുന്നതു മനസ്സിൽ കണ്ടു.

വലിയൊരു ചേമ്പില ഇറുത്ത് അതുകൊണ്ട് കുമ്പിളുണ്ടാക്കി. കാര്യസ്ഥൻ ഗോപാലൻ അരി വടിച്ച് അളന്ന് കുമ്പിളിലിട്ടുകൊടുത്തു.

അരിക്കുമ്പിൾ താങ്ങിപ്പിടിച്ചു കൊണ്ട് പടിപ്പുര കടക്കുമ്പോൾ ഏട്ടൻ മൂസ്സിന്റെ നിർദ്ദേശം കേട്ടു. “ഉണ്ണീ! ദ് മടക്കി തന്നാലേ നീ ബ്ടന്ന് എന്തെങ്കിലും കിട്ടു. ട്ടോ. മറക്കണ്ട”

ധൃതിവെച്ചു നടന്നെങ്കിലും പെട്ടെന്നൊരു മഴ. മഴയെ സഹായിച്ചു കൊണ്ടൊരു കാററ്. കാററത്ത് ആടി നടന്നു. അരിക്കുമ്പിൾ കയ്യിൽ കിടന്നുലഞ്ഞു. കയറി നിൽക്കാൻ സ്ഥലമില്ല.

വലിഞ്ഞു നടന്നു. നടക്കുമ്പോൾ കല്ലുതട്ടി വീണു. അരിക്കുമ്പിൾ താഴെ വീണു. വെള്ളത്തിൽ അരിക്കുമ്പിൾ ഒലിച്ചു.

ഉണ്ണിമൂസ്സിന് അരിശംവന്നു. മഴവെള്ളത്തിൽ ഒലിച്ചു പോകുന്ന താളിലക്കുമ്പിളിന്റെ പിന്നാലെ പാഞ്ഞുചെന്നു. ഇടവഴിയിൽ വെള്ളം ശക്തിയായൊഴുകുന്നു. കുമ്പിൾ കടലാസുതോണിപോലെ ചാഞ്ഞും ഉലഞ്ഞും വെള്ളത്തിനൊത്ത് മുമ്പോട്ടു പോകുന്നു.

ഉണ്ണിമൂസ്സ് ഓടി നോക്കി. ഇടവഴിയിൽനിന്ന് വെള്ളം തോട്ടിലേയ്ക്കു പോകുന്നു. അരിക്കുമ്പിളും തോട്ടിലേയ്ക്കു കുതിയ്ക്കുന്നു.

ഉണ്ണിമൂസ്സ് തോട്ടിലേയ്ക്ക് എടുത്തു ചാടി. ചാടിക്കഴിഞ്ഞപ്പോഴം നീന്താനറിയില്ലല്ലോ എന്നോർമ്മവന്നു. മുങ്ങാനും പൊങ്ങാനും തുടങ്ങി. ഒരുപാടു വെള്ളം കുടിച്ചു.

“കുട്ടികളെ പട്ടിണിയ്ക്കിടുന്ന അച്ഛന്മാർ മുങ്ങിമരിയ്ക്കുക തന്നെയാണു് ഭേദം” എന്നു തോന്നി. എങ്കിലും മരിക്കാൻ ഉണ്ണിമൂസ്സിനു് പേടിയായി.

---

## രണ്ടു്

പെട്ടെന്നു് ബലമുള്ള രണ്ടു കൈകൾ ഉണ്ണിമൂസ്സിനെ താങ്ങിയെടുത്തു കരയിൽ കിടത്തി.

ഒരാൾ മുമ്പിലിരിക്കുന്നു. മുഖത്തു് നല്ല ശ്രീ. ആകർഷകമായ പുഞ്ചിരി.

ഉണ്ണിമൂസ്സ് പകച്ചുനോക്കി.

"താനാരാ ?"

"തിരുമേനിയ്ക്കു് ക്ഷീണം തീർന്നോ? എന്തിനാ വെള്ളത്തിലേയ്ക്കു് എടുത്തു ചാടിയതു് ?"

മറുപടിയ്ക്കു പകരം മറുചോദ്യം

"എനിയ്ക്കു തോന്നീട്ടു് തനിയ്ക്കെന്താ നഷ്ടം ?" എന്നു പറയാനാണു് തോന്നിയതു് പക്ഷെ. ആപൽക്കാലത്തെ ബന്ധുവാണു്. ധിക്കാരം പറയാൻ പാടുണ്ടോ ?

"ച്ചാൽ... രണ്ടിടങ്ങഴി അരി കമ്പിളിയിലാക്കിക്കൊണ്ടുവരുമ്പൊ... നശിച്ച മഴ. മഴവെള്ളത്തില് കമ്പിളങ്ങട്ടു് വീണു. കമ്പിള് നീന്താൻ തുടങ്ങി. കൊറച്ചു കഴിഞ്ഞപ്പൊ തോട്ടിൽ ചാടി. ഞാനും ചാടി അത്രന്നെ."

എന്നു് പറഞ്ഞൊപ്പിച്ചു.

മുഖശ്രീയുള്ള മനുഷ്യൻ ചിരിച്ചു. ഇതു പരിഹാസച്ചിരിയല്ല എന്നു് ഉണ്ണിമൂസ്സിനു തോന്നി.

ഇല്ലത്തെ സ്ഥിതിയെക്കുറിച്ചോർത്തു് കണ്ണു കലങ്ങി. ബന്ധുവല്ലേ? തുറന്നു പറയുകതന്നെ

"ന്റൊന്റെ ഇല്ലത്തു് പട്ടിണ്യാണു്. കുട്ട്യോൾക്കു് വെച്ചുകൊടുക്കാൻ രണ്ടിടങ്ങഴി അരി കൊണ്ടോവുമ്പൊ തട്ടിപ്പറിച്ചില്ലേ പഹയൻ മഴ ?"

മുഖശ്രീയുള്ള മനുഷ്യൻ പറഞ്ഞു തട്ടി സമാധാനിപ്പിച്ചു.

"തിരുമേനി വ്യസനിക്കേണ്ട. ഞാൻ വഴിയുണ്ടാക്കാം."

എന്നിട്ട് കയ്യിലൊരു പട്ടുവെച്ചു കൊടുത്തു. കസവുള്ള പട്ട്. ചുകന്ന നിറം. മഞ്ഞക്കസവ്. സുന്ദരൻ !

"ഇത് മന്ത്രപ്പട്ടാണ്. തിരുമേനി ഇല്ലത്തെത്തി ഇതു നിവർത്തി കണ്ണടച്ച് ആവശ്യപ്പെട്ടോളൂ. ആവശ്യപ്പെടുന്നതെന്തും കിട്ടും."

അത്ഭുതംകൊണ്ട് ഉണ്ണിമൂസ്സിനു മിണ്ടാൻ വയ്യ. എന്നാലും ശങ്ക !

"താൻ നോമനെ പറ്റിയ്ക്കുകയല്ലല്ലോ! ബ്രാഹ്മണ ശാപം കാലു പിടിച്ചാലും പോവില്ല. ഓർത്തോളൂ."

"സംശയിക്കേണ്ട"

ഉണ്ണിമൂസ്സിനു സമാധാനമായി. കുറച്ചുദൂരം നടന്നു. അപ്പോഴാണോർത്തത്! "ഇയാളാരാ" ചോദിക്കാൻ മറന്നു !

തിരിഞ്ഞു നടന്നു. തോട്ടിൻ കരയിൽ ആരുമില്ല.

"ഛെ! ഛെ! മോശമായി! ആരാണാവോ? ആരായാലും ഒരു മഹാന്റെ മാതിരിണ്ട്."

പിറുപിറുത്തുകൊണ്ട് നടക്കുന്നതിനിടയിൽ മുമ്പിലുണ്ട് അയാൾ വന്നു നിൽക്കുന്നു!

"എന്തേ തിരുമേനി തിരിച്ചു പോന്നത്?"

ആവു ! സമാധാനമായി !

"ച്ചാൽ ഒരുകൂട്ടം ചോദിക്കാൻ മറന്നതാ. താനാരാ?"

ഉണ്ണിമൂസ്സ് കാര്യം പറഞ്ഞു.

"ഞാനാണ് ഇന്ദ്രൻ."

വിസ്മയം മനസ്സിലൊതുക്കാൻ ഉണ്ണിമൂസ്സിനു കഴിഞ്ഞില്ല.

"ഇന്ദ്രനോ ! അർജ്ജുനന്റെ പിതാവ് ! മഴയുടെ ദേവൻ. സ്വർഗ്ഗലോകാധിപതി. അല്ലേ ? ഭാഗ്യായി ! കാണാൻ കഴിഞ്ഞതു് ഭാഗ്യം ! ഞാൻ വിഷമംകൊണ്ടു പറഞ്ഞതൊക്കെ ക്ഷമിക്കണം."

ഇന്ദ്രന്റെ പുഞ്ചിരി കണ്ടപ്പോഠം, എല്ലാം അദ്ദേഹം ക്ഷമിച്ചിരിക്കുന്നു എന്നു ബോദ്ധ്യമായി.

"മഴകാരണം തിരുമേനിയ്ക്കു നേരിട്ട കഷ്ടപ്പാടിൽ നമുക്കു വ്യസനമുണ്ടു്."

ദേവലോകാധിപനെ സാഷ്ടാംഗം നമസ്കരിച്ചേയ്ക്കാം. എന്നാലോചിച്ചപ്പോഴേയ്ക്കും അദ്ദേഹം അപ്രത്യക്ഷനായിരിക്കുന്നു.

ആഹ്ലാദത്തോടെ ഉണ്ണിമൂസ്സ് ഇല്ലത്തേയ്ക്കു നടന്നു. ഇല്ലത്തെ പടി കടന്ന ഉടനെ വിളിച്ചു:

"ജാതവേദാ, വിശ്വംഭരാ, രാമഭദ്രാ, ശ്രീദേവീ, കുഞ്ഞനിയാ, പാർവ്വതിക്കുട്ടീ, വത്സലേ, വരിൻ വരിൻ. ആത്തേമ്മാരും വന്നോളൂ. നൊമ്മടെ കഷ്ടപ്പാടൊക്കെ തീർന്നൂന്നാ തോന്നണെ"

ഉണ്ണിമൂസ്സ് കസവുള്ള ചുകന്ന പട്ടു് തളത്തിൽ വിരിച്ചു.

കല്പിക്കുന്നസ്വരത്തിൽ ഉണ്ണിമൂസ്സ് പറഞ്ഞു. "വരട്ടെ, ഒക്കെ വരട്ടെ. സദ്യവട്ടമൊക്കെ വരട്ടെ. മലയാളി പരദേശി വിഭവങ്ങഠം വരട്ടെ."

അത്ഭുതം ! അത്ഭുതം !

തളത്തിൽ ഒമ്പതു വലിയ നാക്കിലകഠം. നാക്കിലകളിൽ സദ്യവട്ടങ്ങഠം. 'കാളൻ, ഓലൻ, അവിയൽ, സാമ്പാറു് തുടങ്ങി പ്രഥമൻ വരെ' പപ്പടം, ഉപ്പേരികഠം, നാലുക്കൂട്ടം പ്രഥമൻ.

" കഴിച്ചോളിൻ, കഴിച്ചോളിൻ, "

എല്ലാവരുടെയും കണ്ണുകഠം വിടർന്നു.

"ആവൂ! കഷ്ടപ്പാടൊക്കെ തീർന്നു" ഉണ്ണിമൂസ്സ് ആശ്വസിച്ചു നെടുവീർപ്പിട്ടു.

മൂന്നു നേരവും മൃഷ്ടാന്നഭോജനം. ഉണ്ണിമൂസ്സ് അയൽക്കാരെ വിളിച്ചു. വരിൻ. വരിൻ എല്ലാരും വരിൻ"

എല്ലാവർക്കും സദ്യ. ഉണ്ണിമൂസ്സിന്റെ ഇല്ലത്ത് എന്നും സർവ്വാണിസ്സദ്യ. എല്ലാവരും ഉണ്ണിമൂസ്സിനെ വാഴ്ത്തി. "ഉദാരൻ; സാധുജനതൽപരൻ! അന്നദാതാവ്!"

---

## മൂന്ന്

കേട്ടവർ കേട്ടവർ ഉണ്ണിമൂസ്സിൻെറ ജല്പനത്തെയും കുതിക്കുന്നു. മൂഷ്ടാന്നം ശാപ്പിടുന്നു. "നളപാകം!" എല്ലാവരും സ്തുതിക്കുന്നു.

ദരിദ്രരും ധനികരും കട്ടികളും വൃദ്ധന്മാരും, പുരുഷന്മാരും സ്ത്രീകളും വരുന്നു. സദ്യയുണ്ണുന്നു; സംതൃപ്തരായി മടങ്ങുന്നു.

ഉണ്ണിക്കുടവയറും തടവി ഉണ്ണിമൂസ്സ് സദ്യപ്പന്തലിൽ മേലന്വേഷണം നടത്തുന്നു.

ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഏട്ടൻ മൂസ്സും കുടുംബവും വരുന്നു. ഉണ്ണിമൂസ്സ് ഏട്ടൻ മൂസ്സിനെ ആദരിച്ചിരുത്തുന്നു.

ഏട്ടൻ മൂസ്സിൻെറ കടം വീട്ടാൻ ഉണ്ണിമൂസ്സ് തീർച്ചപ്പെടുത്തുന്നു. പട്ടുവിരിച്ചു കല്പിക്കുന്നു.

"വരട്ടെ. അരി വരട്ടെ. രണ്ടിടങ്ങഴിയുടെ പകരം രണ്ടു ചാക്ക്."

അരിച്ചാക്കുകൾ പ്രത്യക്ഷപ്പെടുന്നു. ഏട്ടൻ മൂസ്സു ശിരസ്സു കുനിക്കുന്നു.

ഏട്ടൻ മൂസ്സ് അനുജൻെറ മുമ്പിൽ വാപിട്ടു കരയുന്നു.

അനുജൻ മൂസ്സിനും കരച്ചിൽ വരുന്നു ഏട്ടനോട് അനുകമ്പ തോന്നുന്നു.

ഏട്ടൻമൂസ്സു പറയുന്നു. "ഏട്ടന് ഉണ്ണി ചെറിയൊരു സഹായം ചെയ്യണം. നാളെ പത്തായപ്പുരയിൽ ചെറിയ ഉണ്ണിടെ ആട്ടപ്പിറന്നാളാണ്. ഉണ്ണി ആ മന്ത്രപ്പട്ടൊന്നു തരണം. സദ്യ കഴിഞ്ഞ ഉടനെ ഞാൻതന്നെ തിരികെക്കൊണ്ടു വന്നു തന്നോളാം."

അനുജൻ ഏട്ടന് കസവുള്ള ചുകന്ന പട്ടുകൊടുക്കുന്നു.

പിറ്റേന്ന് പത്തായപ്പുരയിൽ ചെറിയ ഉണ്ണിയുടെ ആട്ടപ്പിറന്നാൾ സദ്യയിൽ ഉണ്ണിമൂസ്സും കുടുംബവും പങ്കെടുക്കുന്നു. സദ്യ പൊടി പൊടിക്കുന്നു

സദ്യകഴിഞ്ഞു തിരിച്ചു പോരുമ്പോൾ കസവുള്ള ചുകന്ന പട്ട് ഏട്ടൻ മൂസ്സ് ഉണ്ണിമൂസ്സിനെ തിരിച്ചേല്പിക്കുന്നു.

വൈകുന്നേരം ഉണ്ണിമൂസിന്റെ ഇല്ലത്ത്. പതിവുപോലെ സദ്യയുണ്ണാൻ ആളുകൾ തിങ്ങിക്കൂടുന്നു. ഉണ്ണിമൂസ്സ് പട്ടുവിരിച്ചു കല്പിക്കുന്നു.

"വരട്ടെ. മലയാളി പരദേശി സദ്യവട്ടം വരട്ടെ. നാലുകൂട്ടം പ്രഥമൻ വരട്ടെ. ഒക്കെവരട്ടെ. വേഗം വരട്ടെ!"

കസവുള്ള ചുകന്ന പട്ട് മരിച്ചു കിടക്കുന്നു. മലയാളിസ്സദ്യവട്ടങ്ങൾ വരുന്നില്ല. പരദേശിസ്സദ്യവട്ടങ്ങൾ വരുന്നില്ല. നാലുകൂട്ടം പ്രഥമനും വരുന്നില്ല.

ഉണ്ണിമൂസ്സ് പത്തായപ്പുരയിലേയ്ക്കു പാഞ്ഞു ചെല്ലുന്നു. 'ഏട്ടനെന്നെ പററിച്ചില്ലേ ? എവിടെ എന്റെ പട്ട് ? എവിടെ എന്റെ മന്ത്രപ്പട്ട്? "

കുമ്പതടവിക്കൊണ്ട് ഏട്ടൻമൂസ്സ് പുറത്തുവരുന്നു. "കസവുള്ള ചുകന്ന പട്ടല്ലേ ഞാൻ മടക്കിത്തന്നതു് ? ഉണ്ണിയ്ക്കെന്താ പ്രാന്താ ? തന്റെ കീറപ്പട്ട് ഇവിടെ ആർക്കുവേണം ? ബഹളമൊന്നും വരണ്ട. ഞാൻ നായ്ക്കളെ അഴിച്ചുവിടും. ആഹാ ! തോന്ന്യാസം ! "

വാവിട്ടു നിലവിളിച്ചുകൊണ്ട് ഉണ്ണിമൂസ്സ് ഇല്ലത്തു മടങ്ങിഎത്തുന്നു

പൊതുജനം ഉണ്ണിമൂസ്സിനെ ശപിക്കുന്നു.

"ക്ഷണിച്ചു വരുത്തീട്ട് അവമാനിയ്ക്കു ! ഏഭ്യൻ ! ഒരു സദ്യക്കാരൻ ! അടിച്ചു പല്ല തെറിപ്പിക്കാ വേണ്ടത്."

ഉണ്ണിമൂസ്സ് തളത്തിൽ കുമ്പിട്ടിരുന്ന് നിലവിളിക്കുന്നു. ഏഴു കുഞ്ഞുങ്ങളും വാവിട്ട് അലറുന്നു.

## നാല്

ഉണ്ണിമൂസ്സ് വീണ്ടും പച്ചവെള്ളം കുടിക്കാനും കുഞ്ഞുങ്ങൾക്ക് പച്ചവെള്ളം കൊടുക്കാനും തുടങ്ങി. പലപ്പോഴും സദ്യയുണ്ടു വയറു നിറച്ച പോയവർ ഇല്ലത്തിന്റെ പടിയ്ക്കൽക്കൂടി കടന്നു പോയി. അവർ തിരിഞ്ഞുനോക്കിയതുപോലുമില്ല.

വളരെ പ്രയാസപ്പെട്ട് ഉണ്ണിമൂസ്സ് ദിവസങ്ങൾ തള്ളി നീക്കി. വീണ്ടും ഏട്ടൻമൂസ്സിനെ സമീപിക്കാൻ അഭിമാനം സമ്മതിച്ചില്ല.

മറ്റൊരു നിവൃത്തിയുമില്ലെന്നു വന്നപ്പോൾ ഒരു ദിവസം ഉണ്ണിമൂസ്സ് പത്തായപ്പുരയുടെ പടിപ്പുര കടന്ന് മുറ്റത്തെത്തി. കെട്ടിയിട്ടിരുന്നതുകൊണ്ട് നായ്ക്കൾ ഓടിവന്നില്ല.

ഏട്ടൻമൂസ്സ് കുടവയർ തടവി വിശിക്കൊണ്ട് തളത്തിൽ ഉലാത്തുന്നു.

ഉണ്ണിമൂസ്സിനെ ഏട്ടൻമൂസ്സ് പരുഷമായി നോക്കി.

ഉണ്ണിമൂസ്സ് പറഞ്ഞു, "ഏട്ടൻ സഹായിക്കണം. ഇല്ലത്തു കുഞ്ഞുങ്ങൾ കരയുന്നു."

ഏട്ടൻ മൂസ്സ് കുറച്ച നേരത്തേയ്ക്ക് ഒന്നും പറഞ്ഞില്ല. ആലോചിച്ച നിന്നു. പിന്നീട് അകത്തേയ്ക്ക് പോയി.

ഒരു നാക്കിലപ്പൊതിയുമായി തിരിച്ചുവന്നു.

"നാല് ദോശയുണ്ട്. കൊണ്ടുപൊയ്ക്കോളൂ. ഇനി വരരുത്."

ഉണ്ണിമൂസ്സ് ആദരവോടെ രണ്ടുകയ്യും നീട്ടി ദോശപ്പൊതി വാങ്ങി. മനസ്സിലെ വിഷമം കടിച്ചിറക്കി.

പത്തായപ്പുരയുടെ പടിപ്പുര കടന്നപ്പോൾ തുടങ്ങി കാറ്റ്. സാധാരണ കാറ്റല്ല. കൊടുങ്കാറ്റ്. കൊടുങ്കാറ്റല്ല ചുഴലിക്കാറ്റ്.

കാററിൽ ദോശപ്പൊതി ആടിയുലഞ്ഞു. ഉണ്ണിമൂസ്സ് കാററിനോടു മല്ലടിച്ചുനോക്കി. രക്ഷയില്ല. ഇലപ്പൊതി താഴെ വീണു. ദോശ കാററിൽ പറന്നു.

ദോശ പറക്കുന്നതു് ഉണ്ണിമൂസ്സ് കണ്ടു. പിന്നാലെ പാഞ്ഞു ചെന്നു. കാററിൽ ദോശ പറന്നുയരുന്നു. കുന്നിന്റെ മുകളിലേയ്ക്കു പറക്കുന്നു

ഉണ്ണിമൂസ്സ് വിട്ടില്ല. പൊരുതിനോക്കാൻ തന്നെ ഉറച്ചു. കുന്നു കയറി ഉച്ചിയിലെത്തി.

അപ്പോൾ ദോശ കുന്നിന്റെ താഴത്തേയ്ക്കു താണു പറക്കുന്നു. കുന്നിറങ്ങി വരുമ്പോഴേയ്ക്കു് ദോശ വീണ്ടും മുകളിലേയ്ക്കുതന്നെ പറന്നാലോ?

ഉണ്ണിമൂസ്സ് മുമ്പു് പിമ്പു് ആലോചിച്ചില്ല. കുന്നിന്റെ ഉത്തുംഗത്തിൽ നിന്നു് താഴോട്ടു് കുതിച്ചു ചാടി. വരുന്നതുവരട്ടെ.

കറുത്ത രോമമുള്ള രണ്ടു കൈകളിൽ താൻ മലന്നടിച്ചു കിടക്കയാണെന്നു് ഉണ്ണിമൂസ്സിനു മനസ്സിലായി. ഒരു ഭയങ്കരരൂപം ചെറിയ കണ്ണുകൾ. പാറിപ്പറക്കുന്ന നീണ്ട തലമുടി. പൊട്ടിച്ചിരി.

"തിരുമേനി പേടിയ്ക്കണ്ട' കൊടുങ്കാററിന്റെ ശബ്ദത്തിൽ അയാൾ സമാധാനിപ്പിച്ചു.

എന്നിട്ടു ചോദിച്ചു. "എന്തു വിഡ്ഢിത്തമാണു് അങ്ങു ചെയ്തതു്? താഴെ വീണാൽ മണ്ട ഉടയില്ലേ? ശരീരം പൊടിയാവില്ലേ".

"തകരുന്നോട്ടെ. താൻ തന്റെ കാര്യം നോക്കിക്കോളു്" എന്നു മറുപടി പറയാനാണു് ഉണ്ണിമൂസ്സിനു തോന്നിയതു്. പക്ഷേ ആപൽക്കാലത്തെ ബന്ധുവല്ലേ? ധിക്കാരം പറയാമോ?

വിക്കി വിക്കി ഉണ്ണിമൂസ്സ് പറഞ്ഞു "നോമന്റെ കുട്ട്യോളു് പട്ടിണ്യാണു്. ഏട്ടൻ തന്ന ദോശ നശിച്ച കാററു് തട്ടിയെടുത്തു. ഞാൻ പിന്നെ എന്താചിയ്യാം?"

"തിരുമേനി വ്യസനിക്കേണ്ട" കറുത്തരൂപം സമാധാനിപ്പിച്ചു.

കുന്നിൻെറ താഴ്വരയിൽ മേഞ്ഞു നിൽക്കുന്ന ഒരു വെളുത്ത പശുവിനെ ചൂണ്ടിക്കാണിച്ചിട്ട് അയാൾ പറഞ്ഞു.

"തിരുമേനി ഈ പശുവിനെ ഇല്ലത്തേയ്ക്കു കൊണ്ടുപോയ്ക്കൊള്ളൂ. സർവ്വാഭീഷ്ടദായിനിയാണത്!"

ഉണ്ണിമൂസ്സിൻെറ മനസ്സിൽ ആനന്ദം നൃത്തം വെച്ചു.

ഉണ്ണിമൂസ്സ് മുമ്പിൽ നടന്നു. പശു പിന്നാലെ നടന്നു

ഒട്ടുദൂരം പോയപ്പോഴാണ് ഓർമ്മവന്നത്. "കറുത്ത ആ രൂപം ഏതാ? ചോദിച്ചില്ലല്ലോ!"

ഉണ്ണിമൂസ്സ് പശുവിനോടു പറഞ്ഞു. "ഇവിടെ നിൽക്കൂ. ഇപ്പോ വരാം."

കുന്നിൻ മുകളിലേയ്ക്ക് ഉണ്ണിമൂസ്സ് പാഞ്ഞുചെന്നു. അവിടെ ആരേയും കണ്ടില്ല.

"കഷ്ടം! കഷ്ടം! അപ്പോൾത്തന്നെ ചോദിക്കാമായിരുന്നു. അരണേടെ മാതിരി മറവിയാണ്!

ആലോചിച്ചു നിൽക്കുമ്പോൾ, പുറത്ത് ഘനമുള്ള ഒരു കൈ വീണെന്നു തോന്നി.

കറുത്ത ചെറിയ കണ്ണുകളുള്ള ആ ഭയങ്കര രൂപം ചിരിച്ചു നിൽക്കുന്നു

"എന്താ തിരുമേനി തിരിച്ചു പോന്നത്?"

ഉണ്ണിമൂസ്സ് ധൈര്യപൂർവ്വം ചോദിച്ചു. "ചിലത് ചോദിക്കാനുണ്ട് മറന്നു. താനാരാ?"

"ഇതാണോ കാര്യം?" എന്ന മട്ടിൽ അയാൾ പറഞ്ഞു!

"ഞാനല്ലേ കാററ്?"

ഉണ്ണിമൂസ്സിനു സന്തോഷമായി "ആഹാ! കാററ്, ചിലത് മാരുതൻ. ശ്രീ ഹനുമാൻെറ പിതാവ് അല്ലേ? കണ്ടത് സന്തോഷമായി"

ഉണ്ണിമൂസ്സ് ആ ഭീമാകാരനെ ഒന്നു നല്ലപോലെ നോക്കിക്കണ്ടു.

"തിരുമേനി എന്നെ ശപിക്കുന്നതു കേട്ടു. അങ്ങയുടെ കഷ്ടപ്പാടു് കണ്ടപ്പോൾ മനസ്സലിഞ്ഞു. ഇനി കഷ്ടപ്പെടേണ്ട."

മാരുതൻ അപ്രത്യക്ഷനായി.

ഉണ്ണിമൂസ്സ് തിരിഞ്ഞു നടന്നു. വെളുത്ത പശു കാത്തു നില്ക്കുന്നു. ഉണ്ണിമൂസ്സ് മുമ്പിൽ നടന്നു. പിന്നാലെ വെളുത്ത പശുവും.

ഇല്ലത്തിന്റെ പടി കടന്ന ഉടനെ ഉണ്ണിമൂസ്സ് വിളിച്ചു പറഞ്ഞു: "ജാതവേദാ, വിശ്വംഭരാ, രാമഭദ്രാ. ശ്രീദേവീ, കുഞ്ഞനിയാ, പാർവ്വതിക്കുട്ടീ, വത്സലേ, വരിൻ, വരിൻ, ആത്തേമ്മാരും വന്നോളു. ഒരു പാത്രം എടുത്തോളു."

കുട്ടികൾ വന്നു. ആത്തേമ്മാരും വന്നു. പാത്രം കൊണ്ടു വന്നു.

പശു അനുസരണയോടെ നിന്നു. ഉണ്ണിമൂസ്സ് പശുവിനെ കറന്നു.

അത്ഭുതം! അത്യത്ഭുതം!

പാലിനു പകരം സ്വർണ്ണം! സ്വർണ്ണം ഉരുകിയുരുകി വന്നു് പാത്രം നിറയുന്നു!

പാത്രങ്ങൾ വീണ്ടും കൊണ്ടുവരുന്നു. പശുവിനെ കറക്കുന്നു. സ്വർണ്ണം നിറയുന്നു.

ഉണ്ണിമൂസ്സിന്റെ ഇല്ലത്തു് സ്വർണ്ണപ്പാത്രങ്ങൾ. ഉണ്ണികൾക്കും, കുഞ്ഞാത്തോലിനും നിറയെ സ്വർണ്ണപ്പണ്ടങ്ങൾ. ഉണ്ണിമൂസ്സിന്റെ ഇല്ലം മണിമാളികയായി മാറി.

പൊതുജനം ഉണ്ണിമൂസ്സിന്റെ മാളികയിൽ വീണ്ടും തടിച്ചുകൂടുന്നു ഉണ്ണിമൂസ്സ് സ്വർണ്ണം ദാനം ചെയ്യുന്നു

പൊതുജനം ഉണ്ണിമൂസ്സിനെ വാഴ്ത്തുന്നു: "ഉണ്ണിമൂസ്സ തിരുമേനിയെപ്പോലെ ഉദാരമനസ്കനും, സാധുജന തൽപരനുമായി മററാരുണ്ട്? ഉണ്ണിമൂസ്സ് തിരുമേനി കണ്ണൻെറ അവതാരമാണ്. ഹരിശ്ചന്ദ്രൻെറ തനിപ്പകർപ്പാണ്. ഉണ്ണിമൂസ്സ തിരുമേനി നീണാൾ വാഴട്ടെ."

പശ്ചാത്താപവിവശനായി ഏട്ടൻ മൂസ്സ് വരുന്നു. അനുജൻ മൂസ്സ് സ്വീകരിച്ചിരുത്തുന്നു.

ഏട്ടനും അനുജനും കരയുന്നു.

ഏട്ടൻ മൂസ്സ് ചെറിയൊരാഗ്രഹം അനുജൻ മൂസ്സിനെ അറിയിക്കുന്നു.

"ഉണ്ണി ഏട്ടൻെറ ഈ ആഗ്രഹം സാധിച്ചു തരണം. നൊമ്മടെ ബ്രഹ്മസ്വത്തിൻെറ അഭിവൃദ്ധിയാണ്. ഗോമാതാവിന് ഒരു പൂജ നിശ്ചയിച്ചിരിക്കുന്നു. നംളെ ഉണ്ണീടെ വെള്ളപ്പശുനെ തൽക്കാലം ഒന്നു തരണം. ഐശ്വര്യമുള്ള പശുവല്ലേ? രാവിലെ പൂജ കഴിഞ്ഞു ഉടനെ തിരിച്ചിവിടെ എത്തിച്ചോളാം"

"ശരി" ഉണ്ണിമൂസ്സ സമ്മതിച്ചു. 'ഗോമാതാവിനെ പൂജിക്കുന്നത് ഒരു നല്ല കാര്യമാണല്ലോ. സകലാഭീഷ്ട ദായിനിയാണ് പശു.

ഏട്ടൻ മൂസ്സ, വെളുത്ത പശുവിനെ ആദര പൂർവം തൊട്ടു തടവി. അനുജൻ മൂസ്സ് കൽപിച്ചു. പശു ഏട്ടൻ മൂസ്സിൻെറ പിന്നാലെ നടന്നു.

പിറേറന്നു രാവിലെ ഏട്ടൻ മൂസ്സിൻെറ പത്തായപ്പുരയിൽ ഗോമാതാവിനു പൂജ. ധാരാളം പശുക്കൾ. വെളുത്ത പശുക്കൾ. ചുകന്ന പശുക്കൾ. കറുത്ത പശുക്കൾ.

പൂജ കഴിഞ്ഞു പ്രസാദം വിതരണം ചെയ്തു

ഏട്ടൻ മൂസ്സ് വെളുത്ത പശുവിനെ അനുജൻ മൂസ്സിനു മടക്കിക്കൊടുത്തു.

പശു നടക്കാൻ കൂട്ടാക്കിയില്ല. ഏട്ടൻമൂസ്സ് പശുവിന്റെ കഴുത്തിൽ കയറിട്ടു. അനുജൻമൂസ്സ് പശുവിനെ കയറിട്ടു വലിച്ച് ഒരുവിധം മാളികയിലെത്തിച്ചു.

“ധർമ്മശീലൻ ഉണ്ണിമൂസ്സ തിരുമേനി ജയിക്കട്ടെ!” ജനങ്ങൾ ഉണ്ണിമൂസ്സിനെ അഭിവാദ്യം ചെയ്തു.

പൊന്നിൻ പാത്രവുമായി ഉണ്ണിമൂസ്സ് പശുവിന്റെ അടുത്തു ചെന്നു. കറക്കാൻ തുടങ്ങി. ഉരുകിവരുന്ന പൊന്നിനുപകരം ചുകന്ന രക്തം! പശുവിന്റെ ചവിട്ടേറ്റ് ഉണ്ണിമൂസ്സ് മലന്നടിച്ചു വീണു.

ഉണ്ണിമൂസ്സിന്റെ മണിമാളികയുടെ നിറം മങ്ങി. സ്വർണ്ണപ്പാത്രങ്ങൾ അപ്രത്യക്ഷമായി. ഉണ്ണികളുടേയും, കുഞ്ഞാത്തോലിന്റെയും പണ്ടങ്ങൾ മുക്കുപണ്ടങ്ങളായി മാറി

ജനങ്ങൾ കൂവാൻ തുടങ്ങി. “മന്തനുണ്ണിമൂസ്സ് [illegible] പോയേ! ഉള്ളതും പോയേ! ഉള്ളതും പോയേ! കൂക്കൂയ്; കൂക്കൂയ്... കൂക്കൂയ്!”

---

## അഞ്ച്

ഉണ്ണിമൂസ്സിൻെറ ഇല്ലത്ത് മണിമാളികയിൽ മുക്കപണങ്ങളും മുക്കപാത്രങ്ങളും നിറഞ്ഞു. പാത്രങ്ങൾ തുച്ഛമായവിലയ്ക്കു വിററതിന്നു് കുടുംബം കഴിഞ്ഞു കൂടുന്നു.

പാത്രങ്ങൾ തീന്നപ്പോൾ പട്ടിണി തിരിച്ചുവന്നു. പട്ടിണി തിരിച്ചു വന്നപ്പോൾ കുട്ടികൾ കരച്ചിൽ തുടങ്ങി.

അഛൻെറ ശ്രാദ്ധം അരിഷ്ടിച്ചു ജീവിച്ചിരുന്നപ്പോഴും അഛൻെറ ശ്രാദ്ധമൂട്ടൽ മുടക്കിയിട്ടില്ല. ഉണ്ണിമൂസ്സിന്നു് അച്ഛൻ മൂസ്സിനേക്കാൾ ബഹുമാനം അഛൻ മൂസ്സിനോടായിരുന്നു.

ഇക്കൊല്ലവും ശ്രാദ്ധംമുടക്കാൻ പാററില്ല.

വളരെ ബുദ്ധിമുട്ടി അത്യാവശ്യമായ സാധനങ്ങളൊരുക്കൂട്ടി.

നോക്കുമ്പോൾ നെയ്യില്ല. നെയ്യില്ലാതെ ശ്രാദ്ധമൂട്ടൻ പാററുമോ?

നെയ്യിന്നെന്തു ചെയ്യും?

പത്തായപ്പുരയിലെ തൊഴുത്തിൽ പലതരം പശുക്കളുണ്ടു്. ആവശ്യം ഒഴിച്ചു ബാക്കിയുള്ള പാൽവിററു് ഏട്ടൻ മൂസ്സു സമ്പാദിക്കുന്നു മോരും തൈരും നെയ്യും, വെണ്ണയും ചാണകവും വിൽക്കുന്നു. സമ്പാദിക്കുന്നു.

അഛൻെറ ശ്രാദ്ധമല്ലേ? ഏട്ടൻ മൂസ്സ് സ്വല്പം നെയ്യുതരാതിരിക്കുമോ?

ചതിയനാണെങ്കിലും ഏട്ടൻ ഏട്ടൻ തന്നെയാണല്ലോ.

പത്തായപ്പുരയുടെ തളത്തിൽ ഒററത്തോർത്തു മുണ്ടുമാത്രമുടുത്തു് ഏട്ടൻ മൂസ്സ നിൽക്കുന്നു. അവിടെയും ശ്രാദ്ധത്തിനുള്ള ശ്രമമാണു്.

അഫന്റെ ശ്രാദ്ധം ഏട്ടനും അനുജനും ഒരിടത്തു് ഒന്നി ച്ചു് ഊട്ടിയാൽ മതി. ഇല്ലത്തു രോഗം കഴിയുന്നവരെ അങ്ങനെ ത്തന്നെയായിരുന്നു.

"അതിനെപ്പററിയൊന്നും ഇനി വിചാരിച്ചിട്ട കാര്യമില്ല" ഉണ്ണിമൂസ്സ് ചിന്തയിൽനിന്നു് ഉണർന്നു.

ഏട്ടൻമൂസ്സ് അലോക്യമൊന്നും നടിച്ചില്ല.

"എന്തേ ഉണ്ണി പോന്നതു് ?"

സൌമ്യനായി ഏട്ടൻമൂസ്സ് ചോദിച്ചു

ഉള്ളിൽ ഊററിവന്ന നീരസം ഒളിച്ചുവെച്ചുകൊണ്ടു് ഉണ്ണി മൂസ്സ് വന്നകാര്യം ധരിപ്പിച്ചു.

"അഫന്റെ ശ്രാദ്ധാണല്ലോ. ഓസ്സർണത്തിന്നു് തിരിനെയ്യു വേണം."

"ത്രേള്ളു ?" ഏട്ടൻമൂസ്സിന്നു് സമാധാനമായിട്ടുണ്ടാവും. "കൊറച്ചു് വെണ്ണതരാം. ഇല്ലത്തു കൊണ്ടോയി ഉരുക്കിക്കോളൂ. അഫന്റെ ശ്രാദ്ധം മൊടക്കരുതു്."

ഉപദേശത്തിന്നും ഉപകാരത്തിന്നും ഉണ്ണിമൂസ്സ് നന്ദിപറഞ്ഞു. വാട്ടിയ വാഴയിലയിൽ പൊതിഞ്ഞ വെണ്ണ ഏട്ടൻമൂസ്സ് അനു ജന്റെ കയ്യിലിട്ടുകൊടുത്തു.

നട്ടുച്ച. വെണ്ണകിട്ടിയ സന്തോഷം കൊണ്ടു് ഉണ്ണിമൂസ്സിന്നു് വെയിലിന്റെ ചൂടനുഭവപ്പെട്ടില്ല. മനോരാജ്യം വിചാരിച്ചുകൊ ണ്ടു നടന്നു. സൂര്യന്റെ രശ്മി തട്ടിയപ്പോൾ ഇലപ്പൊതിയിലെ വെണ്ണ ഉരുകി. വെണ്ണ ഉരുകിയുരുകി നെയ്യു് വെള്ളംപോലെ ഇടവഴിയിൽ വീണുകൊണ്ടിരുന്നു. ഇലയിൽ വെണ്ണയുടെ പാടു മാത്രം ബാക്കിയായി.

വെണ്ണപ്പൊതി തുറന്നുനോക്കിയപ്പോൾ ഉണ്ണിമൂസ്സിന്നു് താ പവും കോപവും ഒന്നിച്ചുവന്നു.

മുകളിൽ സൂര്യൻ നിന്നു ചിരിക്കുന്നതായി തോന്നി.

"ഏഭ്യൻ ! എൻെറ വെണ്ണ മുഴുവൻ ഉരുക്കീട്ടു നിന്നു ചിരി ക്കുണു!"

സൂര്യനെ ശപിച്ചു ഭസ്മമാക്കാൻ തോന്നി.

"ഇനി എങ്ങന്യാ ശ്രാദ്ധമൂട്ടാ? ശ്രാദ്ധമൂട്ടീയില്ലെങ്കിലെങ്ങ ന്യാ അഫൻെറ ആത്മാവിനു ഗതികിട്ടാ?"

ഉണ്ണിമൂസ്സ് അവിടെത്തന്നെ ഇരുന്നു. ചൂടുകൊണ്ടു് ഇല കൂടിപ്പോലും ഇളകുന്നില്ല. ഇടവഴി വിജനമായിരിക്കുന്നു.

ആ പൊരിവെയിലത്തു് ഉണ്ണിമൂസ്സ് മനസ്സിൽ വിഷമവും പേറി കുന്തിച്ചിരുന്നു. വിയർത്തൊലിച്ചു.

'ടപ് ടപ് ടപ് ടപ്' ഒരു കുതിരയുടെ കുളമ്പടിശബ്ദം കേട്ടപ്പോൾ ഉണ്ണിമൂസ്സ് നിവർന്നിരുന്നു തലയുയർത്തിനോക്കി.

കുതിരപ്പുറത്തു സുമുഖനായൊരു ചെറുപ്പക്കാരൻ. ഒരു രാജ കുമാരനെപ്പോലെ. കുതിരയ്ക്കു മിന്നുന്ന ജീനി. രാജകുമാരൻെറ ശിരസ്സിൽ മിന്നുന്ന കിരീടം. ദേഹത്തിൽ പട്ടുടുപ്പ്. കയ്യിൽ സ്വർണ്ണച്ചമ്മട്ടി.

അദ്ദേഹം കുതിരപ്പുറത്തുനിന്നു താഴെയിറങ്ങി. ഉണ്ണിമൂസ്സി നെ നോക്കി പുഞ്ചിരിച്ചു.

"തിരുമേനി എന്താ അമ്പിളിപോയ അണ്ണാനെപ്പോലെ അന്ധാളിച്ചിരിക്കുന്നതു്?"

"താനും തൻെറ കുതിരേം! പോവൂ ശഠ!" എന്നാണു് നാവി ൻെറ തുമ്പത്തു വന്നതു്. എങ്കിലും പറഞ്ഞില്ല. കണ്ടപ്പോൾ ഒരു ദിവ്യനാണെന്നു തോന്നി.

"ച്ചാൽ, അഫൻെറ ശ്രാദ്ധത്തിനു് നെയ്യുവേണം. ഏട്ട നോടു് ഏരന്നപ്പോ വെണ്ണകിട്ടി. നടന്നു വരുമ്പോ ആ ഏഭ്യൻ വെണ്ണയുരുക്കി. നോനു് വല്ലാത്ത ദേഷ്യം വന്നു. ദേഷ്യം ശമി ക്കാൻ ഇമ്പടെ ഇരുന്നു് രാമനാമം ജപിക്ക്യാണു്."

"ആരാ വെണ്ണയുരുക്കിക്കളഞ്ഞതു്?"

ഈയാളുടെ ഒരു സഹതാപം !

ആകാശത്തേയ്ക്കു ചൂണ്ടിക്കൊണ്ടു് ഉണ്ണിമൂസ്സ പറഞ്ഞു.

"അറിലേ? ആ ശപ്പൻതന്നെ സൂര്യൻ!"

രാജകുമാരൻ സമാധാനിപ്പിച്ചു.

"തിരുമേനി വ്യാകുലപ്പെടേണ്ട. ഞാൻ മാർഗ്ഗമുണ്ടാക്കാം."

എന്നിട്ടു് കയ്യിലിരുന്ന ഒരു ചെറിയപെട്ടി ഉണ്ണിമൂസ്സിന്റെ കയ്യിൽവെച്ചു.

"ഈ പെട്ടി തിരുമേനിയ്ക്കു പ്രയോജനപ്പെടും. പെട്ടി തുറന്നു് ധ്യാനിച്ചു്

അടി ഗുരു വടിയേ
കല ഗുരു വടിയേ
ഇനിവാ ഇനിവാ

എന്നു പറഞ്ഞോളു. തിരുമേനിക്കു് അത്ഭുതങ്ങൾ കാണിക്കാൻ കഴിയും."

"ആഹാ ! എന്നാൽ ഇപ്പത്തന്നെ പരീക്ഷിച്ചു നോക്കാം" എന്നായി ഉണ്ണിമൂസ്സ്.

"പരീക്ഷിച്ചോളു!" രാജകുമാരൻ അനുവദിച്ചു.

ഉണ്ണിമൂസ്സ് പെട്ടിതുറന്നു് ഉറക്കെ പറഞ്ഞു.

"അടി ഗുരു വടിയേ
കല ഗുരു വടിയേ
ഇനിവാ, ഇനിവാ"

പെട്ടെന്നു് പെട്ടിയിലൊരു കട പട ശബ്ദം. ഒരു കുറുവടി മേലോട്ടുയർന്നു് ഉയന്നുവടി താഴ്ന്നുവന്നു് ഉണ്ണിമൂസ്സിനെ പ്രഹരിച്ചുതുടങ്ങി.

ഉണ്ണിമൂസ്സിന് കലി വന്നു. അടികൊണ്ട് പറഞ്ഞു

"തന്റെ വരം നന്ന്. വിശേഷമായിട്ടുണ്ട്. ഞാൻ എന്തു കുററം ചെയ്തു? ഈ സാധുവിനെ ദ്രോഹിച്ചിട്ട് തനിക്ക് എന്തു പുണ്യാ കിട്ടാ?"

കിരീടം ധരിച്ച രാജകുമാരൻ നിന്നു ചിരിക്കുന്നു.

അയാൾ വലതു കൈ നീട്ടി പറഞ്ഞു.

"അടി ഗുരു വടിയേ
കല ഗുരു വടിയേ
മതിയടി വടിയേ
ഇനിയിരി ഗുരുവേ!"

MUNAVIRUL ISLAM HIGH SCHOOL
Date..............
ERNAKULAM.

വടി പെട്ടിയ്ക്കുള്ളിൽ വന്നു വീണു. ഉണ്ണിമൂസ്സ് പെട്ടിയടച്ചു.

രാജകുമാരൻ ചോദിച്ചു: "എന്താ തിരുമേനി കൊള്ളാമോ?"

ഉണ്ണിമൂസ്സിന് ക്ഷമ പിടിച്ചു. ഇപ്പോൾ അടികൊണ്ട സ്ഥലത്തു വേദനയില്ല.

"എന്നാൽ ഞാൻ ഇല്ലത്തേയ്ക്കു നടക്കട്ടെ."

നടന്നു ഒരു വളവു തിരിഞ്ഞപ്പോൾ ഓർമ്മിച്ചു. "ഈ ദിവ്യൻ ആരാ? ചോദിച്ചില്ല."

പിന്നോട്ടു നടന്നു. പെട്ടികിട്ടിയ സ്ഥലത്ത് ആരുമില്ല

"വങ്കൻ! വങ്കൻ!" എന്നു തന്നത്താൻ ശപിച്ചു.

"ആരെപ്പററിയാ തിരുമേനി വങ്കൻ വങ്കൻ എന്നു പറയണതു്?"

ചോദ്യം കേട്ടു് തിരിഞ്ഞു നോക്കിയപ്പോൾ കുതിരപ്പുറത്തു രാജകുമാരൻ!

"ഞാനെപ്പററ് അന്ന്യാണേ! ച്ചാൽ ചോദിക്കാനങ്ങട്ട് മറന്നു. ആരാ?"

"ഞാനോ?" രാജകുമാരൻ മന്ദഹസിച്ചുകൊണ്ടു പറഞ്ഞു.

"ഞാനാണ് തിരുമേനി, സൂര്യൻ."

"അയ്യോ! സൂര്യഭഗവാനോ!" ഉണ്ണിമൂസ്സ് നിന്നു വിറച്ചു: 'ഭഗവാനേ സന്തോഷായി. ഞാൻ ദിവസേനം സൂര്യനമസ്കാരം ചെയ്യാറുണ്ട്. കാണാറില്ലേ?"

സൂര്യനെ താൻ അധിക്ഷേപിച്ച കാര്യം ഓർത്ത് ഉണ്ണിമൂസ്സ് കുണ്ഠിതപ്പെട്ടു. "ഞാൻ അവിടത്തെക്കുറിച്ച് എഴുന്നെള്ളിച്ച വിഡ്ഢിത്തമൊക്കെ മറക്കണേ! ഭഗവാനേ, താപ്പുതന്ന് ഇവനെ അനുഗ്രഹിക്കണേ!"

സൂര്യദേവൻ ഉണ്ണിമൂസ്സിനെ തലയിൽകൈവച്ചനുഗ്രഹിച്ചു കുതിരപ്പുറത്തു കയറി വായുവേഗത്തിൽ മറഞ്ഞുപോയി.

ഉണ്ണിമൂസ്സ് ഇല്ലത്തിന്റെ പടിയ്ക്കലെത്തിയപ്പോഴേയ്ക്കും ഏട്ടൻമൂസ്സ് പിന്നിൽ നിന്നു പാഞ്ഞു വരുന്നതുകണ്ടു.

"എന്താ ഉണ്ണീടെ കയ്യിലൊരു പെട്ടി? എന്താ അതില്? എവിടുന്നു കിട്ടി?" ഏട്ടൻമൂസ്സ് ചോദിച്ചു.

ഉണ്ണിമൂസ്സിനു മനസ്സിൽ ചിരിവന്നുവെങ്കിലും അതു പുറത്തു പ്രദർശിപ്പിച്ചില്ല. സാധാരണ മട്ടിൽ പറഞ്ഞു.

"ഇതു് ഒരു മന്ത്രപ്പെട്ടിയാണ്. സൂര്യഭഗവാൻ തന്നതാ."

"നോക്കട്ടെ." ഏട്ടൻമൂസ്സ് പെട്ടിവാങ്ങി. "ഇതിനെന്താ മന്ത്രശക്തി?"

ഏട്ടൻമൂസ്സിനെ അനുജൻ പഠിപ്പിച്ചു. "ഈ പെട്ടിതുറന്നു സൂര്യഭഗവാനെ നല്ലപോലെ ധ്യാനിയ്ക്കൂ. എന്നിട്ടൊരു മന്ത്രം ചൊല്ലാനുണ്ട്.

"അടി ഗുരു വടിയേ
കല ഗുരു വടിയേ
ഇനിവാ ഇനിവാ"

നമ്മളു വിചാരിയ്ക്കുന്നതൊക്കെ സാധിയ്ക്കാം. ഏട്ടനൊന്നു പരീക്ഷിച്ചു നോക്കണോ?''

ഏട്ടൻമൂസ്സിനു സന്തോഷമായി. കാര്യം എത്രവേഗംസാധിച്ചു എന്നു മനസ്സിൽ കരുതിയിട്ടുണ്ടാവാം. ഉണ്ണിമൂസ്സിന്റെ ശുദ്ധതയോർത്തു് മനസ്സിൽ ചിരിച്ചിട്ടുമുണ്ടാകാം.

“ഉണ്ണിയ്ക്കു വിരോധില്ലാച്ചാൽ ഞാൻ ഒന്നു പരീക്ഷിച്ചിട്ടു് ഉടനെ കൊണ്ടുവന്നു തരാം. ശ്രാദ്ധത്തിനുള്ള സദ്യവട്ടങ്ങളൊക്കെ ദാ ഇപ്പൊ കൊടുത്തയയ്ക്കാം. ഉണ്ണി വെഷമിയ്ക്കണ്ട.”

ഉണ്ണിമൂസ്സിനു് ഒരു വിഷമവും തോന്നിയില്ല. ഉള്ളിൽവന്ന ചിരി ഒതുക്കിനിർത്താൻമാത്രം അല്പം വിഷമം തോന്നി.

സദ്യവട്ടങ്ങളും നെയ്യും ഏട്ടൻ കൊടുത്തയച്ചു ഉണ്ണിമൂസ്സ് കുളിച്ചു് ശ്രാദ്ധമൂട്ടി. ഒന്നു വിശ്രമിക്കാനിരുന്നപ്പോൾ പ്രതീക്ഷിച്ചപോലെ ആർത്തനാദം കേട്ടു.

ഉണ്ണി എന്നെ രക്ഷിയ്ക്കണേ! എന്നെ രക്ഷിയ്ക്കണേ! ഏട്ടനെ രക്ഷിയ്ക്കണേ!''

കയ്യിൽ തുറന്നു പിടിച്ച പെട്ടിയുമായി ഓടിയ്ക്കിതച്ചുവരുന്നു. കഷണ്ടിത്തലയിൽനിന്നു് രക്തമൊഴുകുന്നു. ഏട്ടൻമൂസ്സ് വിയർത്തൊലിക്കുന്നു. വടി ഏട്ടൻമൂസ്സിനെ തുരുതുരെ പ്രഹരിക്കുന്നു.

പൊതുജനം തടിച്ചുകൂടുന്നു. പൊട്ടിച്ചിരിക്കുന്നു.

ഉണ്ണിമൂസ്സ് കൈകെട്ടി അക്ഷോഭ്യനായിനിന്നു.

അവശനായ ഏട്ടൻമൂസ്സ് തൊഴുതുകൊണ്ടപേക്ഷിച്ചു “ഉണ്ണി, രക്ഷിക്കൂ! ചുവന്ന പട്ടു തിരിച്ചുതരാം എന്നെ രക്ഷിക്കൂ!”

ഉണ്ണിമൂസ്സ് അനങ്ങിയില്ല.

“ഉണ്ണി രക്ഷിക്കൂ. വെള്ളത്തംപട്ടും മടക്കിത്തരാം ഏട്ടനെ രക്ഷിക്കൂ”

ഉണ്ണിമൂസ്സ് അതു ശ്രദ്ധിക്കുന്ന മട്ടുപോലും നടിച്ചില്ല:

“എൻെറ പൊന്നുണ്ണി. എന്നോടു ക്ഷമിക്കൂ. എന്നെ രക്ഷിക്കൂ. എൻെറ പകുതി സ്വത്തു് അങ്ങേക്കുതരാം.”

ഉണ്ണിമൂസ്സിൻെറ ചുണ്ടിൽ ഒരു പുഞ്ചിരി വിടന്നു. വലതു കൈ നീട്ടി മറുമന്ത്രം ചൊല്ലി.

“അടി ഗുരു വടിയേ
കല ഗുരു വടിയേ
മതിയടി വടിയേ
ഇനിയിരി ഗുരുവേ!

വടി മേലോട്ടൊന്നു കുതിച്ചു് താഴോട്ടിറങ്ങി പെട്ടിയ്ക്കുള്ളിൽ പ്രവേശിച്ചു. ഉണ്ണിമൂസ്സ് പെട്ടിയടച്ചു.

ഉണ്ണിമൂസ്സിനു് ചുകന്ന പട്ടു തിരിച്ചുകിട്ടി വെളുത്തപശുവിനെ തിരിച്ചുകിട്ടി. പകുതി സ്വത്തും കിട്ടി.

ഉണ്ണിമൂസ്സിൻെറ മണിമാളികയിൽ എല്ലാദിവസവും വിഭവസമൃദ്ധമായ സർവ്വാണിസദ്യ. ദാനമഹോത്സവങ്ങൾ.

കള്ളന്മാർ ഉണ്ണിമൂസ്സിൻെറ മാളികയിലേയ്ക്കു എത്തിനോക്കിയതുപോലുമില്ല. അവർക്കറിയാം അവിടെ മന്ത്രവാടിയുണ്ടു് എന്നു്.

---

Printed at the R. V. Memorial Press, Tvm.

# ശുദ്ധിപത്രം

| പുറം | വരി | ശുദ്ധരൂപം |
|---|---|---|
| 4 | 9 | മോരള |
| 5 | 7 | മോരള |
| 5 | 22 | പോലെ |
| 10 | 16 | കെട്ടത്തിയതും |
| 11 | 8 | വെള്ളവും |
| 11 | 21 | ഭയങ്കരി |
| 13 | 3 | പുറത്തുകയറി |
| 14 | 7 | കളിച്ചു് |
| 19 | 11 | മുത്തശ്ശി |
| 19 | 13 | സുന്ദരിക്കുട്ടിയെ |
| 20 | 15 | സുന്ദരിക്കുട്ടിയെ |
| 22 | 4 | ആലോചിച്ചു |
| 22 | 13 | സംധാന |
| 24 | 5 | ദുഃഖവും |
| 25 | 9 | കാര്യസ്ഥൻ |
| 27 | 4 | പുഞ്ചിരി |
| 34 | 22 | തകർന്നോട്ടെ |
| 39 | 7 | ശ്രദ്ധ കൂട്ടാൻ |
| 44 | 8 | വിദ്യുത്തൊക്കെ |
| 44 | 17 | പ്രദർശിപ്പിച്ചില്ല |
| 45 | 5 | ഉണ്ണിയ്ക്ക |
| 45 | 18 | വിയർത്തൊലിക്കുന്നു. |
| 45 | 20 | അക്ഷമാഭ്യമായി |
| 46 | 17 | കിയത്തുപോലുമില്ല. |

മേൽക്കൊടുത്തിട്ടുള്ള പുറങ്ങളിൽ നേരെ കാണിച്ചിട്ടുള്ള വരികളിലെ തെറ്റായ രൂപങ്ങൾക്കു ശുദ്ധരൂപം കാണുക)

MUNAVIRUL ISLAM HIGH SCHOOL,
Date...................
ERNAKULAM.

HIGH SCHOOL,
Date..............
ERNAKULAM.